www.kssia.com

# KSSiA NEWS

വ്യവസായ മാസിക

kssianews@gmail.com e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. SEPTEMBER 2024. ₹5.00

VOL.09 - ISSUE NO.03 - DATE OF PUBLICATION 25TH SEPTEMBER, 2024 - REGN. NO. KERBIL/2005/23143 - TOTAL PAGES:24



KSIDC

Government of Kerala

Invest Kerala
NATURE. PEOPLE. INDUSTRY.

# Celebrating Success!

## KSIDC's achievement
## Business @ 1000

1,000 + Projects Supported
Rs. 12,000 + Crores Invested
1 Lakh + Jobs Created
Loan Portfolio: Rs. 1,000 Crores+



KSIDC loans are now a click away:
**ksidcloan.kerala.gov.in**

*Thank you for being a part of our journey!*
*Here's to many more years of growth and success.*

KERALA STATE INDUSTRIAL DEVELOPMENT CORPORATION LIMITED
Head Office: Keston Road | Kowdiar | Thiruvananthapuram-695003 | Ph No: 0471-2318922 | enquiry@ksidcmail.org
Regional Office: 2nd Floor | Choice Towers | Manorama Junction | Kochi - 16 | Ph: No: 0484-2323010
www.ksidc.org | invest.kerala.gov.in

**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. ✆ 94963 60300
kssiastate@gmail.com, www.kssia.com

**STATE OFFICE BEARERS**

**State President**
A. Nizarudeen
Kollam. ✆ 94477 10078
✉ nazwoodind@gmail.com

**General Secretary**
P.J. Jose
Cochin. ✆ 98460 53553
✉ info@manoramasalescorporation.com

**State Vice Presidents**
A. Fasiludeen
Trivandrum. ✆ 94007 04000
✉ fthoppil@yahoo.com

Abraham Kuriakose
Kottayam. ✆ 94470 43445
✉ perfectcorp@yahoo.com

A.V. Sunilnath
Kozhikode. ✆ 93497 44145
✉ sunilnath@walkaroogroup.com

**State Treasurer**
Joseph Paikada
Kannur. ✆ 94972 24422
✉ josephpaikada@gmail.com

**State Joint Secretaries**
V.K. Harilal
Alappuzha. ✆ 98472 30058

George Mundakkal
Wayanad. ✆ 94472 95110

B. Jayakrishnan
Thodupuzha. ✆ 94473 30569

**Editorial Board**

**Chief Editor**
S. Salim
Kollam, ✆ 93873 05751
✉ md@unicornplywoods.com

**Members**
A. Nizarudeen ..... ✆ 94477 10078
P. J. Jose.............. ✆ 98460 53553
Rajesh. G ........... ✆ 98957 03837
Thomas Mathew.. ✆ 94470 46411

**Printer & Publisher**
K.P. Ramachandran Nair
✆ 94470 17899

**Printing, Cover Design & Layout**
Rajsree Industrial Printer,
Edayar. ✆ 0484-2559701, 2558538

## ഉള്ളടക്കം


- **എഡിറ്റോറിയൽ:** ഈസ് ഓഫ് ഡൂയിങ് ബിസിനസ്സും ഇലക്ട്രിസിറ്റി ബോർഡും ............................... 03
- **പ്രസിഡൻഷ്യൽ റിപ്പോർട്ട്:** വ്യവസായത്തിനുള്ള അനുമതികൾ നല്കാനുള്ള അധികാരം വ്യവസായ വകുപ്പിന് നല്കണം....... 05
- **വോയിസ് ഓഫ് ജനറൽ സെക്രട്ടറി:** സഹകരണത്തിന് നന്ദി................................ 07
- ജി.എസ്.ടി. ചോദ്യോത്തര പംക്തി ................ 08
- ഇ.എസ്.എസ്.ഐ.എ. യുടെ പ്രവർത്തന നേട്ടങ്ങൾ................................. 11
- പുതുമകളുമായി വേറിട്ട ഒരു ആരോഗ്യ അപകട ഇൻഷൂറൻസ് പോളിസി.................. 12
- 'നന്മ' നിറഞ്ഞവൻ കേരള ബ്രാൻഡ്.............. 13
- വ്യാവസായിക വാർത്തകൾ ......................... 16
- സ്റ്റാർട്ടപ്പുകൾക്ക് 20 ലക്ഷം വായ്പയും 2 ലക്ഷം സബ്സിഡിയും............................. 17
- സാങ്കേതികതയുടെ നവകേരളം.................... 18
- Recovery against MSMEs ............................ 21
- ജില്ലാ വാർത്തകൾ......................................... 22


**KSSiA NEWS**
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION SEPTEMBER 2024 ₹5.00

# എഡിറ്റോറിയൽ

## ഈസ് ഓഫ് ഡൂയിങ് ബിസിനസ്സും ഇലക്ട്രിസിറ്റി ബോർഡും



വ്യവസായ സൗഹൃദ റാങ്കിങ്ങിൽ ഇന്ത്യയിൽ ഒന്നാമത് എത്തി കേരളം ബിസിനസ് രംഗത്തെ പുരോഗതി ഉറപ്പിച്ചിരിക്കുന്നു. വ്യവസായ വളർച്ച, കേരളത്തിന്റെ സാമ്പത്തിക വികസനത്തിന്റെ പ്രാധാന്യം കേരള ജനത തിരിച്ചറിഞ്ഞു എന്നതിന്റെ സാക്ഷ്യപത്രം കൂടിയാണിത്. ഈ മഹിമ നിലനിർത്തേണ്ടതും വ്യവസായ വളർച്ച ത്വരിതപ്പെടുത്തേണ്ടതും നമ്മുടെ നാടിന്റെ ആവശ്യമാണ്. തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുവാനും സർക്കാരിന്റെ വരുമാനം കൂടാനും ഇത് ഉപകാരപ്പെടും എന്നതിൽ സംശയമില്ല. വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിൽ ചില കാര്യങ്ങളിൽ സർക്കാരിന്റെയും ഇലക്ട്രിസിറ്റി ബോർഡിന്റെയും അടിയന്തര ഇടപെടൽ ആവശ്യമായി വന്നിരിക്കുന്നു. അതിൽ ചില കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ.

2006 നു മുൻപ് LT കണക്ഷൻ 150 KVA-യും അതിനു ശേഷം 100 KVA-യുമായി ആക്കി മാറ്റി. എന്നാൽ നിലവിൽ വ്യവസായ എസ്റ്റേറ്റുകളിൽ 150 KVA ഉപയോഗിക്കാം. ഇവിടെ സാമാന്യയുക്തിയിൽ ഉണരുന്ന ഒരു ചോദ്യം ഉണ്ട് 160 KVA ശേഷിയുള്ള ട്രാൻസ്ഫോമറിൽ നിന്നും 100 KVA മാത്രമേ ഉപയോഗിക്കാവൂ എന്ന് തീരുമാനത്തിലെ വിരോധാഭാസമാണ്. ഇപ്പോൾ നിലവിൽ 160 KVA യുള്ള ട്രാൻസ്ഫോമർ സ്ഥാപിച്ചിട്ടുള്ള വ്യവസായികൾക്ക് പരമാവധി ഉപയോഗം സാധ്യമാകുന്നില്ല. സാധ്യമായാൽ, ബോർഡിന് ലാഭവും വ്യവസായികൾക്ക് സഹായകവുമായി തീരുമല്ലോ. ഉൽപാദനവും തൊഴിലും നികുതിയും ഒക്കെ വർദ്ധിക്കുന്ന ഒരു നടപടിയായി അതു മാറും എന്നതിൽ സംശയമില്ല.

പുതിയ വ്യവസായ കണക്ഷന് വേണ്ടിയുള്ള അവശ്യസാധനങ്ങൾ, ട്രാൻസ്ഫോമർ, കേബിളുകൾ തുടങ്ങിയവ വാങ്ങുവാനുള്ള തുക ബോർഡിൽ മുൻകൂട്ടി അടയ്ക്കുക എന്നാതാണ് നിയമം. എന്നാൽ എന്തുകൊണ്ടോ ഇതിന്റെ ലഭ്യത വളരെ വൈകാറാണ് പതിവ്. അതൊന്ന് എളുപ്പത്തിലാക്കാൻ ഒന്ന് മാറി ചിന്തിക്കാവുന്നതാണ്.

വാങ്ങൽ നടപടികളുടെ ഫയൽ നീക്കവും മറ്റു കാരണങ്ങളും കൊണ്ടുള്ള കാലതാമസം ഒഴിവാക്കാൻ ബോർഡിന്റെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ആവശ്യക്കാരനായ വ്യവസായി തന്നെ നേരിട്ട് വാങ്ങി നൽകിയാൽ ബുദ്ധിമുട്ടും കാലതാമസവും ഒഴിവാക്കാൻ കഴിയുമല്ലോ?

ഇക്കാര്യങ്ങൾ ഗവൺമെന്റും ഇലക്ട്രിസിറ്റി ബോർഡും കൺസ്യൂമേഴ്സും റെഗുലേറ്ററി കമ്മീഷനെ ബോധ്യപ്പെടുത്തി അടിയന്തിരമായി നേടിയെടുക്കേണ്ടതാണ്. അത് വ്യവസായ തുടക്കത്തിനും വികസനത്തിനും സഹായകവും സമയലാഭവും ആയി മാറും എന്നതിൽ സംശയമില്ല.

പ്രതീക്ഷയോടെ,

**എസ്. സലിം**
**ചീഫ് എഡിറ്റർ**


iiiE
INDIA INTERNATIONAL INDUSTRIAL EXPO
Limited Stalls Available
2024 Dec.
13 14 15
KINFRA INTERNATIONAL EXHIBITION CUM CONVENTION CENTRE
The MSME - PMS Incentive scheme applies to KSSIA members, who also enjoy a 10% discount on stalls.
CAUTION
DANGER
INDIA
INTERNATIONAL
INDUSTRIAL
EXPO
2024
KOCHI I KERALA I INDIA
www.iiie.in
For more details: +91-9947733339 +91-9995139933 info@iiie.in
DEPARTMENT OF INDUSTRIES & COMMERCE
MSME
KSSIA
THE KERALA STATE SMALL INDUSTRIES ASSOCIATION
METRO
MEDIA



# വ്യവസായത്തിനുള്ള അനുമതികൾ നല്കാനുള്ള അധികാരം വ്യവസായ വകുപ്പിന് നല്കണം

**പ്രസിഡൻഷ്യൽ റിപ്പോർട്ട്**

കേരള സംസ്ഥാന വ്യവസായ സൗഹൃദ അന്തരീക്ഷത്തിന് അടിത്തറ ഇട്ടുകൊണ്ട് ദീർഘവീക്ഷണത്തോടു കൂടിയ സംവിധാനം രൂപപ്പെട്ടു കഴിഞ്ഞു. ഇന്ത്യയിലെ വ്യവസായ ഭൂപടത്തിൽ സുഗമമമായ വ്യവസായം നടത്തുന്നതിനുള്ള കാലാവസ്ഥ നമ്മുടെ സംസ്ഥാനം കൈവരിച്ച നേട്ടങ്ങളിൽ ഒന്നാണ് ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സിൽ ഒന്നാം സ്ഥാനത്തേക്ക് എത്തിയത്. സംസ്ഥാനത്ത് നിക്ഷേപകരെയും സംരംഭകരെയും ആകർഷിക്കുന്നതിന് മറ്റുള്ള സംസ്ഥാനങ്ങളെ പിന്നിലാക്കി നേടിയ ഒന്നാം സ്ഥാനം വളരെ സഹായകരമാകും. കേരള സർക്കാരിന്റെയും പ്രത്യേകിച്ച് വ്യവസായ വകുപ്പ് മന്ത്രിയുടെയും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ഒന്നാം റാങ്ക് നേടുന്നതിന് വളരെ സഹായകരമായി. ഇതിന് പുറമെ വ്യവസായ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥന്മാർ ഉൾപ്പടെയുള്ള മറ്റു എല്ലാ ഉദ്യോഗസ്ഥന്മാരുടെയും പ്രവൃത്തികൾ വ്യവസായ സൗഹൃദത്തിന് ആക്കം കൂട്ടാൻ വളരെ സഹായകരമായി.

ഇവിടെ ഒരു കാര്യം സൂചിപ്പിക്കാനുള്ളത് വ്യവസായ വളർച്ചയ്ക്ക് സഹായകരമായ നിലപാടുകൾ എടുക്കുന്നതും അവ നടപ്പിലാക്കുന്നതും വ്യവസായ വകുപ്പ് തന്നെയാണ്. വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് എല്ലാ സൗകര്യങ്ങളും ഒത്താശകളും ചെയ്തു കൊടുക്കേണ്ട വകുപ്പാണ് വ്യവസായ വകുപ്പ്. വ്യവസായ വളർച്ചയ്ക്ക് സർക്കാർ എടുക്കുന്ന എല്ലാ നടപടികളും പ്രാവർത്തികമാക്കേണ്ട പ്രധാനപ്പെട്ട വകുപ്പ് വ്യവസായ വകുപ്പ് തന്നെയാണ്. എം.എസ്.എം.ഇ. മേഖലയുടെ വികസനത്തിന് സർക്കാർ വിഭാവനം ചെയ്യുന്ന രീതിയിൽ പ്രാവർത്തികമാക്കുന്നതും വ്യവസായ വകുപ്പാണ്. ഇത് കൂടുതൽ മെച്ചപ്പെടുത്തുന്നതിന് വ്യവസായത്തിന് നല്കുന്ന അനുമതി തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും വ്യവസായ വകുപ്പിന് തന്നെ നല്കുന്നതായിരിക്കും ഉചിതവും പ്രായോഗികവുമായ നടപടി.

വ്യവസായ മേഖലയുടെ കാര്യങ്ങൾ നോക്കേണ്ടത് വ്യവസായ വകുപ്പ് തന്നെ ആയിരിക്കണമെന്ന ഒരു പൊതുബോധം നിലവിലുണ്ട്. അതിനുള്ള സംവിധാനവും വ്യവസായ വകുപ്പിന് ഉണ്ട്. വ്യവസായ വകുപ്പിന്റെ കീഴിൽ വ്യവസായ ഡയറക്ടറേറ്റ്, എല്ലാ ജില്ലകളിലും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, വ്യവസായ താലൂക്ക് ഓഫീസ്സുകൾ, വ്യവസായ താലൂക്ക് ബ്ലോക്ക് ഓഫീസ്സുകൾ തുടങ്ങിയ വ്യാപകമായ ഓഫീസ്സ് സംവിധാനങ്ങളും ജീവനക്കാരുമുണ്ട്. വ്യവസായ വകുപ്പിലെ നിലവിലെ ഉദ്യോഗസ്ഥന്മാർക്ക് ഈ ജോലി ഏല്പിക്കുന്നത് വ്യവസായ വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുകയേയുള്ളൂ. വ്യവസായത്തിന് അനുമതി നല്കുന്ന അധികാരം വ്യവസായ വകുപ്പിന് കൈമാറിയാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അധിക ജോലി ഭാരവും കുറയുക മാത്രമല്ല ഈ സ്ഥാപനങ്ങളുടെ മേൽ സംരംഭകർക്കുണ്ടാകുന്ന പരാതികൾ ഇല്ലാതാവുകയും ചെയ്യും. ഞങ്ങൾ വെക്കുന്ന ഈ നിർദ്ദേശം പരിഗണിച്ച് വ്യവസായത്തിന് അനുമതി നല്കുന്ന അധികാരം വ്യവസായ വകുപ്പിന് തന്നെ നല്കാൻ ആവശ്യമായ നിയമ നിർമ്മാണങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകണം.

**എ. നിസാറുദ്ദീൻ**
**സംസ്ഥാന പ്രസിഡന്റ്**

MOFPI
MINISTRY OF FOOD PROCESSING INDUSTRIES
GOVERNMENT OF INDIA

PMFME
सूक्ष्म उद्यमों का संबल

വ്യവസായ വാണിജ്യ വകുപ്പ്
കേരള സർക്കാർ

K-bip



# ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക്
# വലിയ ഉയരങ്ങൾ താണ്ടാം

## പ്രധാൻ മന്ത്രി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ (പിഎംഎഫ്എംഇ) പദ്ധതി

**ഓരോ അപേക്ഷകനും ആദ്യാന്ത്യം സമ്പൂർണ കൈത്താങ്ങ് ഉറപ്പാക്കുന്നു**

- **10 ലക്ഷം രൂപ വരെ സബ്സിഡി**
  യോഗ്യമായ പദ്ധതി ചിലവിന്റെ 35% ക്രെഡിറ്റ് ലിങ്ക്ഡ് മൂലധന സബ്സിഡിയായി പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം

- **എസ്.എച്ച്.ജി. അംഗങ്ങൾക്ക് 40,000 രൂപ വരെ ധനസഹായം**
  സ്വയം സഹായ സംഘങ്ങളിലെ ഓരോ അംഗത്തിനും പ്രവർത്തന മൂലധനത്തിനും ചെറിയ ഉപകരണങ്ങൾ വാങ്ങുന്നതിനും 40000 രൂപ വരെ ധനസഹായം

- **പൊതു അടിസ്ഥാന സൗകര്യത്തിന് 3 കോടി രൂപ വരെ**
  പൊതു അടിസ്ഥാന സൗകര്യത്തിനും മൂലധന നിക്ഷേപത്തിനും എസ്.എച്ച്.ജി., എഫ്.പി.ഒ., സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് 3 കോടി രൂപ വരെ ധനസഹായം

കൂടുതൽ വിവരങ്ങൾക്ക്

**ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെടുക**


**വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്**
വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം - 695033.
ഫോൺ: 91 471 2302774 | ഫാക്സ്: +91 471 2305493
ഇമെയിൽ: industriesdirectorate@gmail.com
വെബ്: www.industry.kerala.gov.in

K-bip
**കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ**
2, വിദ്യാ നഗർ, പൊലീസ് ഗ്രൗണ്ടിന് എതിർവശം,
തൈക്കാട് പി.ഒ., തിരുവനന്തപുരം - 695014.
ഫോൺ: +91 471 2321882 | ഫാക്സ്: +91 471 2322883
ഇമെയിൽ: kbip@keralaindustry.org | വെബ്: www.kbip.org



# സഹകരണത്തിന് നന്ദി

Thank You

## വോയിസ് ഓഫ് ജനറൽ സെക്രട്ടറി

**കേ**രള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷന്റെ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീനും, ജനറൽ സെക്രട്ടറിയായി ഞാനും ഉൾപ്പെയുള്ള ഭരണ സമിതി അധികാരത്തിൽ വന്നത് 2022 സെപ്റ്റംബർ 29-ാം തിയതിയാണ്. 2024 സെപ്റ്റംബർ 30-ാം തിയതി ഞങ്ങളുടെ കാലാവധി പൂർത്തിയാവുകയാണ്. ഈ രണ്ട് വർഷം ഞങ്ങളിൽ ഏല്പിച്ച ദൗത്യം പരാതികൾക്ക് ഇട നല്കാതെ നിറവേറ്റിയിട്ടുണ്ടെന്നാണ് ഞങ്ങളുടെ വിശ്വാസം. സംസ്ഥാനത്തിലെ എം.എസ്.എം.ഇ. മേഖലയുടെ പൊതുവായ പ്രശ്നങ്ങളും വ്യക്തിഗത പ്രശ്നങ്ങളും ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കണ്ടെത്തുന്നതിന് ഈ ഭരണ സമിതി വഹിച്ച പങ്ക് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്.

നമ്മുടെ സംസ്ഥാനം ഇന്ത്യയ്ക്ക് തന്നെ മാതൃകയായി ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സിൽ ഒന്നാം റാങ്ക് നേടിയിരിക്കുകയാണ്. വ്യവസായ മേഖലയിൽ വൻകുതിച്ചു ചാട്ടത്തിന് സാക്ഷ്യം വഹിക്കുന്ന നമ്മുടെ സംസ്ഥാനത്ത് നിക്ഷേപകരെയും സംരംഭകരെയും ആകർഷിക്കാൻ അനുകൂലമായ സ്ഥിതി വിശേഷം സംജാതമായിരിക്കുകയാണ്. ഈ അനുകൂല കാലാവസ്ഥ രൂപപ്പെടുത്തുന്നതിന് കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷന്റെ പങ്ക് എടുത്തു പറയേണ്ടതാണ്. സംഘടന ഈ കാലഘട്ടത്തിൽ വ്യവസായ പുരോഗതിയ്ക്ക് സർക്കാരിന് നല്കിയ അനുയോജ്യമായ നിർദ്ദേശങ്ങളും മന്ത്രിമാരും ഉദ്യോഗസ്ഥന്മാരുമായുള്ള ചർച്ചകളും വ്യവസായ വളർച്ചയ്ക്ക് വളരെ സഹായകരമായിട്ടുണ്ടെന്നുള്ളത് സർക്കാർ തലത്തിലും ഉദ്യോഗസ്ഥ തലത്തിലും അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. ഈ രണ്ട് കൊല്ലകാലം കൊണ്ടുണ്ടായ വ്യവസായ മേഖലയുടെ അഭൂതപൂർവ്വമായ വളർച്ചയ്ക്ക് നേതൃത്വം നല്കിയ കേരള സർക്കാരിനോടൊപ്പം കെ.എസ്.എസ്.ഐ.എ. യും അഭിമാനം കൊള്ളുന്നു.

ഈ രണ്ട് കൊല്ലകാലം കൊണ്ടുണ്ടായ വ്യവസായ മേഖലയുടെ അഭൂതപൂർവ്വമായ വളർച്ചയ്ക്ക് നേതൃത്വം നല്കിയ കേരള സർക്കാരിനോടൊപ്പം കെ.എസ്.എസ്.ഐ.എ. യും അഭിമാനം കൊള്ളുന്നു.

ഈ രണ്ട് വർഷം ഈ ഭരണ സമിതിയുമായി സഹകരിക്കുകയും സഹായിക്കുകയും ചെയ്ത വ്യക്തികളും പ്രസ്ഥാനങ്ങളും നിരവധിയാണ്. സംസ്ഥാന മന്ത്രി സഭാംഗങ്ങൾ പ്രത്യേകിച്ച് ബഹു. കേരള സംസ്ഥാന മുഖ്യമന്ത്രി, വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി, ധനകാര്യ വകുപ്പ് മന്ത്രി, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി, റവന്യു വകുപ്പ് മന്ത്രി തുടങ്ങിയവർ ഈ ഭരണ സമിതിയോട് കാണിച്ച സഹകരണത്തിന് ഞങ്ങൾ എല്ലാ കാലത്തും കൃതജ്ഞത ഉള്ളവരായിരിക്കും. വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ ഡയറക്ടർ, വ്യവസായ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥന്മാർ, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർ, താലൂക്ക് വ്യവസായ ഉദ്യോഗസ്ഥന്മാർ തുടങ്ങിയ വ്യവസായവുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളിലെയും, ഏജൻസികളുടെയും ഉദ്യോഗസ്ഥന്മാർ തുടങ്ങിയവർ ഈ ഭരണ സമിതിയുമായി സഹകരിച്ചതിന് പ്രത്യേകം നന്ദി പറയുന്നു. രണ്ട് കൊല്ലത്തെ സംഘടനാ പ്രവർത്തനങ്ങളുമായി സഹകരിച്ച സംഘടനയുടെ ജില്ലാ ഭാരവാഹികൾ, ജനറൽ കൗൺസിൽ, സംസ്ഥാന കമ്മിറ്റി അംഗങ്ങൾ, വിവിധ മേഖലയിലെ വ്യവസായ സംഘടനാ ഭാരവാഹികൾ, വ്യവസായ സമൂഹം, എന്നിവരോടുള്ള നന്ദിയും ഇവിടെ രേഖപ്പെടുത്തുന്നു. വ്യവസായ സംബന്ധമായ വിഷയങ്ങളിൽ സംഘടന കൊടുത്ത വാർത്തകൾ നല്ല പ്രാധാന്യത്തോടെ പ്രചരണം നല്കിയ പത്ര ദൃശ്യ മാദ്ധ്യമങ്ങളോടും ഞങ്ങളുടെ നിസ്സീമമായ നന്ദി രേഖപ്പെടുത്തുന്നു. ■

**പി.ജെ. ജോസ്**
**ജനറൽ സെക്രട്ടറി**



# ചോദ്യോത്തര പംക്തി

**അഡ്വ. കെ.എസ്. ഹരിഹരൻ**
B.Com, LLB, MBA, LLM

**ജി.**എസ്.ടി. യിൽ രേഖകൾ എത്ര കാലം വരെ സൂക്ഷിക്കണം?! ജി.എസ്.ടി. യിലെ ആദ്യ വർഷത്തിലെ അസെസ്സ്മെന്റ് നടത്താനുള്ള സമയപരിധി കഴിഞ്ഞോ? ജി.എസ്.ടി. ഉദ്യോഗസ്ഥർ ഭയപ്പെടുത്തിയാൽ നടപടിയെന്ത്?

**ചോദ്യം 1: 2017-18 ലെ അസെസ്സ്മെന്റുകൾ ഇനി നടത്തുവാൻ ഡിപ്പാർട്ട്മെന്റിനു പറ്റുമോ? 31.12.2023 നു ശേഷം 2017-18ലെ അസെസ്സ്മെന്റുകൾ നടത്താൻ പാടില്ല എന്ന് പറഞ്ഞുകേൾക്കുന്നത് ശരിയാണോ?**

ഉത്തരം: ജി.എസ്.ടി. നിയമത്തിനു കീഴിൽ ഒരാൾ ഫയൽ ചെയ്യുന്ന റിട്ടേണുകളിൽ മന:പൂർവ്വമല്ലാത്ത തെറ്റുകൾ ഉണ്ടെങ്കിലോ, അല്ലെങ്കിൽ ഒരു നികുതിദായകൻ ബോധപൂർവ്വമല്ലാതെ സപ്രെഷൻ (വസ്തുതകൾ മറച്ചു വയ്ക്കൽ) നടത്തിയിട്ടുണ്ടെങ്കിലോ, അതിനെ സംബന്ധിച്ച് അസെസ്സ്മെന്റ് നടത്തുന്നത് എപ്പോൾ എങ്ങനെ വേണം എന്ന് പറയുന്ന വകുപ്പാണ് സി.ജി.എസ്.ടി. ആക്റ്റിലെ സെക്ഷൻ 73. സി.ജി.എസ്.ടി. ആക്റ്റിലെ സെക്ഷൻ 73 പ്രകാരം 2017-18 കാലഘട്ടങ്ങളെ സംബന്ധിക്കുന്ന ബോധപൂർവ്വമല്ലാത്ത വീഴ്ചകളുടെ കാര്യങ്ങളിൽ തീർപ്പ് കൽപ്പിക്കേണ്ട അവസാന തീയതി 31.12.2023 ആയിരുന്നു. അങ്ങനെ 31.12.2023നോ അതിനുമുമ്പോ 2017-18 ലെ അസെസ്സ്മെന്റുകൾ തീർപ്പ് കൽപ്പിക്കാതിരുന്നാൽ പിന്നീട് സി.ജി.എസ്.ടി. ആക്റ്റിലെ സെക്ഷൻ 73 പ്രകാരം അസെസ്സ്മെന്റുകൾ നടത്തുവാൻ പാടില്ല.

എന്നാൽ നികുതിദായകൻ തട്ടിപ്പോ മനപൂർവ്വമായുള്ള സപ്രെഷനോ (വസ്തുതകൾ ഒളിച്ചുവയ്ക്കൽ) പോലുള്ള കാര്യങ്ങൾ മൂലമാണ് റിട്ടേണിൽ തെറ്റു വരുത്തിയത് എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് തോന്നുന്നുണ്ടെങ്കിൽ ആ തീർപ്പു കൽപ്പിക്കേണ്ടത് സി.ജി.എസ്.ടി. ആക്റ്റിലെ സെക്ഷൻ 73 പ്രകാരമല്ല, സെക്ഷൻ 74 പ്രകാരമാണ്. സി.ജി.എസ്.ടി. ആക്റ്റിലെ സെക്ഷൻ 74 പ്രകാരം 2017-18 കാലഘട്ടങ്ങളെ സംബന്ധിക്കുന്ന മനഃപൂർവ്വമായ വീഴ്ചകളുടെ കാര്യങ്ങളിൽ തീർപ്പ് കൽപ്പിക്കേണ്ട അവസാന തീയതി 05.02.2025 ആണ്.

അതായത്, 2017-18 വർഷത്തെ സംബന്ധിച്ച് ബോധപൂർവ്വമല്ലാത്ത തെറ്റുകൾ ചെയ്തവർക്കെതിരെ അസെസ്സ്മെന്റ് ഓർഡറുകൾ പുറപ്പെടുവിക്കേണ്ടത് 31.12.2023 യ്ക്കുള്ളിൽ ആയിരുന്നു. 31.12.2023 നുള്ളിൽ അസെസ്സ്മെന്റ് ഓർഡറുകൾ പുറപ്പെടുവിക്കണമെങ്കിൽ കുറഞ്ഞത് മൂന്നു മാസം മുമ്പ്, അതായത് 30.09.2023.ന് മുമ്പു തന്നെ നോട്ടീസ് കൊടുക്കുകയും ചെയ്തിരിക്കണം എന്നും സി.ജി.എസ്.ടി. ആക്റ്റിന്റെ സെക്ഷൻ 73 വ്യവസ്ഥ ചെയ്യുന്നു.

സെക്ഷൻ 73 നു കീഴിലായാലും സെക്ഷൻ 74 നു കീഴിലായാലും ജി.എസ്.ടി.ആർ.-9, അതായത് ആനുവൽ റിട്ടേൺ, ഫയൽ ചെയ്യേണ്ട അവസാന തീയതിയെ ആസ്പദമാക്കിയാണ് അസെസ്സ്മെന്റുകൾക്ക് തീർപ്പ് കൽപ്പിക്കേണ്ട അവസാന തീയതി കണക്കുകൂട്ടുന്നത്. തെറ്റായ റീഫണ്ട് എടുത്ത സാഹചര്യങ്ങളിൽ മാത്രം റീഫണ്ട് എടുത്ത തീയതിയെ ആസ്പദമാക്കിയാണ് അസെസ്സ്മെന്റുകൾക്ക് തീർപ്പ് കൽപ്പിക്കേണ്ട അവസാന തീയതി കണക്കു കൂട്ടുന്നത്.

**ചോദ്യം 2: ജി.എസ്.ടി. നിയമത്തിൽ എത്ര കൊല്ലം വരെ കണക്കു ബുക്കുകൾ സൂക്ഷിക്കണം?**

ഉത്തരം: ജി.എസ്.ടി. നിയമത്തിൽ എത്രനാൾ കണക്കു പുസ്തകങ്ങൾ സൂക്ഷിക്കണം എന്നുള്ള ചോദ്യം വളരെ പ്രധാന വിഷയം തന്നെയാണ്. സി.ജി.എസ്.ടി. ആക്റ്റിന്റെ സെക്ഷൻ 36 പ്രകാരം, ജി.എസ്.ടി. നിയമത്തിന്റെ ആവശ്യങ്ങൾക്കായി ഒരു സാമ്പത്തിക വർഷത്തെ സംബന്ധിക്കുന്ന കണക്കുപുസ്തകങ്ങൾ സൂക്ഷിച്ചുവെക്കേണ്ട സമയം ആ വർഷത്തിന്റെ ആനുവൽ റിട്ടേൺ സമർപ്പിക്കേണ്ട തീയതി മുതൽ ആറു വർഷം വരെയാണ്. ഏതെങ്കിലും സാമ്പത്തിക വർഷത്തെ സംബന്ധിക്കുന്ന അസെസ്സ്മെന്റ് ഓർഡറുകൾക്കെതിരെ അപ്പീലുകൾ നിലനിൽക്കുന്നുണ്ടെങ്കിൽ അപ്പീലിന്മേൽ ഉത്തരവ് വരുന്ന തീയതി മുതൽ 1 വർഷം വരെ കണക്കുപുസ്തകങ്ങൾ സൂക്ഷിക്കേണ്ടതായി വരും. 2017-18 ലെ ആനുവൽ റിട്ടേൺ സമർപ്പിക്കേണ്ട അവസാന തിയതി 05.02.2020 ആയിരുന്നു. ഈ സാഹചര്യത്തിൽ, 2017-18 സാമ്പത്തിക വർഷത്തെ സംബന്ധിക്കുന്ന കണക്കുപുസ്തകങ്ങൾ ഏറ്റവും കുറഞ്ഞത് 05.02.2026 വരെയെങ്കിലും സൂക്ഷിക്കാൻ ഒരു അസെസ്സി അല്ലെങ്കിൽ ബിസിനസുകാരന് ബാധ്യതയുണ്ട് എന്നർത്ഥം.

**ചോദ്യം 3: കഴിഞ്ഞദിവസം പെരുമ്പാവൂരിലെ ഒരു ബിസിനസ് സ്ഥാപനത്തിൽ ജി.എസ്.ടി. ഉദ്യോഗസ്ഥർ ചെന്ന് ഇൻസ്പെക്ഷൻ നടത്തുകയും അവിടത്തെ മാനേജരെ സ്ഥാപനത്തിലെ ജോലിക്കാരുടെ മുൻപിൽ വെച്ച് വളരെ മോശമായ രീതിയിൽ ചോദ്യം ചെയ്യുകയും ചെയ്തു എന്നും ആ മാനേജർ അന്നേ ദിവസം തന്നെ ആത്മഹത്യ ചെയ്തു എന്നും പത്രവാർത്ത കണ്ടു. ഇതിനെത്തുടർന്ന് പെരുമ്പാവൂരിൽ പല രീതിയിലുള്ള പ്രതിഷേധങ്ങൾ ഉണ്ടായി എന്നും അറിഞ്ഞു. ഇങ്ങനെ ഒരു സംഭവത്തിൽ ജി.എസ്.ടി. ഉദ്യോഗസ്ഥർക്ക് ഉത്തരവാദിത്തമില്ലേ? അങ്ങനെയൊരു**

**മാനസിക പീഡനം നടന്നിട്ടുണ്ടെങ്കിൽ ജി.എസ്.ടി. ഡിപ്പാർട്ട്മെന്റിനെതിരെ വ്യവസായികൾക്ക് എന്തൊക്കെ നടപടികൾ എടുക്കാം?**

ഉത്തരം 3: ഈ ചോദ്യത്തിന് ഉത്തരം പറയുമ്പോൾ ആദ്യമായി ശ്രദ്ധിക്കേണ്ട കാര്യം ഈ വിവരം ശരിയാണോ എന്ന് ഔദ്യോഗികമായി നോക്കണം എന്നതാണ്. ഔദ്യോഗികമായി ഇക്കാര്യം നോക്കണമെങ്കിൽ ഈ കാര്യവുമായി ബന്ധപ്പെട്ട എഫ്.ഐ.ആർ.-ന്റെയോ, മറ്റു രേഖകളുടെയോ വിശദാംശങ്ങൾ കാണേണ്ടതുണ്ട്. ചോദ്യത്തിൽ പറഞ്ഞിരിക്കുന്ന പത്രവാർത്ത ലേഖകനും കണ്ടിട്ടുണ്ട്, പക്ഷേ വിഷയത്തിലെ തുടർന്നുള്ള നടപടി ക്രമങ്ങളെപ്പറ്റി മനസ്സിലാക്കിയിട്ടില്ല. ആ കേസുമായി ബന്ധപ്പെട്ട് ആരുടെയെങ്കിലും പരാതിയിൽ എഫ്.ഐ.ആർ. ഇട്ടിട്ടുണ്ടോ, അന്വേഷണം നടക്കുന്നുണ്ടോ, പത്രവാർത്തയിൽ ഉള്ളതിനേക്കാൾ കൂടുതലായി എന്തെങ്കിലും വസ്തുതകൾ പുറത്തു വന്നിട്ടുണ്ടോ എന്നെല്ലാം അറിയാത്തിടത്തോളം ഈ കാര്യത്തിൽ ലേഖകന് പ്രതികരിക്കാൻ കഴിയില്ല.

എന്നിരുന്നാലും ചോദ്യകർത്താവ് ചോദിച്ച പൊതുവായ ചോദ്യം, ഒരു ജി.എസ്.ടി. ഉദ്യോഗസ്ഥൻ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി ഒരു സ്ഥാപനത്തിൽ ചെന്നിരിക്കുന്ന വേളയിൽ അവിടെയുള്ള ജീവനക്കാരെയോ ഉടമയെയോ മാനസികമായി പീഡിപ്പിക്കുന്ന തരത്തിൽ പെരുമാറിയാൽ എന്താണ് ചെയ്യാൻ കഴിയുക എന്നതിന് ലേഖകന്റെ മറുപടി ഇതാ.




ആ പീഡനത്തിന് വിധേയനായ വ്യക്തിയ്ക്കോ, ആ സ്ഥാപനത്തിന്റെ ഉടമയ്ക്കോ, അല്ലെങ്കിൽ അവിടെ സംഭവം കണ്ടുനിൽക്കുന്ന ഒരു വ്യക്തിയ്ക്കോ, തീർച്ചയായും സർക്കാരിലേക്ക് വിശദവിവരങ്ങൾ സഹിതം പരാതി അയക്കാം, മുഖ്യമന്ത്രിയ്ക്കും, അതു പോലെതന്നെ ആ സ്ഥാപനം ഇരിക്കുന്ന ജില്ലയുടെ ജി.എസ്.ടി. മേധാവിയായ ജോയിന്റ് കമ്മീഷണർ, ഇന്റലിജൻസ് ഡിപ്പാർട്ട്മെന്റിന്റെ ജോയിന്റ് കമ്മീഷണർ, കേരളത്തിലെ ജി.എസ്.ടി. യുടെ തിരുവനന്തപുരത്തെ കമ്മീഷണർ, തുടങ്ങിയവർക്കൊക്കെ പരാതി അയക്കാവുന്നതാണ്. അങ്ങനെ ചെയ്താൽ ആ പരാതി മേലുദ്യോഗസ്ഥരുടെ ശ്രദ്ധയിൽ വരികയും, അന്വേഷണ വിധേയമാവുകയും ചെയ്തേക്കാം. മാത്രവുമല്ല, ഒരാൾ ഇപ്രകാരം രേഖാമൂലം ഒരു പരാതി കൊടുത്തു കഴിഞ്ഞാൽ അതിന്റെ മറ്റു വിവരങ്ങൾ വിവരാവകാശ നിയമമനുസരിച്ച് അനേഷിക്കാനും ആ പരാതി കൊടുത്തവർക്ക് സാധിക്കും. പോലീസ് ഡിപ്പാർട്ട്മെന്റിനും, ജില്ലാ പോലീസ് മേധാവിയ്ക്കും ഇതുമായി ബന്ധപ്പെട്ട പരാതി നൽകാവുന്നതാണ്.

സാങ്കേതികമായി ഏതെങ്കിലും കാരണവശാൽ ഇത്തരം പരാതി സ്വീകരിക്കാൻ സാധിക്കില്ലായെങ്കിൽ അത് പരാതിക്കാരനെ അറിയിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ബാധ്യതയുണ്ട്.

ഇത്തരം സംഭവങ്ങൾ ഉണ്ടായാൽ ബന്ധപ്പെട്ട വ്യാപാരി വ്യവസായി അസോസിയേഷനുകൾ ഇടപെട്ട് പരാതി കൊടുക്കുന്നത് തീർച്ചയായും ഒരു നല്ല കാര്യമായിരിക്കും. ഒരാൾ ഒറ്റയ്ക്ക് പരാതി കൊടുക്കുന്നതിനേക്കാൾ സാമൂഹ്യപ്രസക്തി ഒരു സംഘടന പരാതി കൊടുക്കുന്നതിനുണ്ടാവും, നടപടി വേഗത്തിലാവാനും ഇത് സഹായിക്കും.

ഇത്തരം വിഷയങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നാൽ, തീർച്ചയായും നടപടികൾ ഉണ്ടാവും. മാത്രവുമല്ല അന്വേഷണം ഉള്ളിടത്തോളം കാലം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അതിൽ നിന്നും ഒഴിഞ്ഞുമാറാൻ സാധിക്കുകയുമില്ല.

സാധാരണനിലയിൽ ഇത്തരം കാര്യങ്ങളിൽ പരാതി കൊടുക്കാൻ ആളില്ല എന്നതാണ് അവസ്ഥ. പരാതി കൊടുക്കുന്നവരാകട്ടെ, അതിന്റെ തുടർനടപടികളിൽ ഹാജരാവാൻ തയ്യാറാവാറുമില്ല, തുടർന്ന് എന്താണ് നടക്കുന്നതെന്ന് അന്വേഷിക്കാറുമില്ല. ഈ സ്ഥിതി മാറി വിവരാവകാശ നിയമങ്ങളെയും, മനുഷ്യാവകാശ നിയമങ്ങളെയും പരമാവധി ഉപയോഗിച്ചുകൊണ്ട് പരാതികൾ സർക്കാർ സംവിധാനത്തിൽ ഉണ്ടായാൽ, ഇത്തരം കാര്യങ്ങൾ അന്വേഷിക്കാനുള്ള ആർജ്ജവം സർക്കാരിനും ഉണ്ടാകും. മൗലിക അവകാശങ്ങളെയും, ഭരണഘടന ഉറപ്പു നൽകുന്ന മറ്റെല്ലാ അവകാശങ്ങളെയും നിലനിർത്തിക്കൊണ്ട് മാത്രമേ ഏതുതരം പരിശോധനകളും, അന്വേഷണങ്ങളും നമ്മുടെ നാട്ടിൽ നടത്തപ്പെടാവൂ എന്ന പൊതുതത്ത്വത്തെ ധിക്കരിച്ചു കൊണ്ട് ഒരു ഉദ്യോഗസ്ഥനും പ്രവർത്തിക്കാൻ സാധിക്കില്ല.

ഒരു അഡ്വക്കേറ്റ് എന്ന നിലയിൽ ഇത്രയും മാത്രമേ ലേഖകൻ ഇവിടെ സൂചിപ്പിക്കുന്നുള്ളൂ.

പെരുമ്പാവൂരിൽ നടന്ന സംഭവത്തിൽ നടപടികൾ എന്തായി എന്നുള്ള കാര്യത്തിൽ, ബന്ധപ്പെട്ട വ്യാപാരിയോ അസോസിയേഷനുകളോ ജീവനക്കാരോ ആരെങ്കിലും ആ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും പരാതി കൊടുത്തിട്ടുണ്ടോ എന്ന് അന്വേഷിച്ച് ആ പരാതിയുടെ വിശദാംശങ്ങൾ താങ്കൾ അറിയിക്കുകയാണെങ്കിൽ, പരാതിയിന്മേൽ തുടർ നടപടികൾ എന്തായി എന്ന് അന്വേഷിച്ച് അറിയിക്കാം എന്നേ ലേഖകന് ഇപ്പോൾ പറയാൻ സാധിക്കുകയുള്ളൂ.

അസോസിയേഷന്റെ ജി.എസ്.റ്റി. & സെൻട്രൽ എക്സൈസ് കമ്മിറ്റി ചെയർമാൻ ആണ് ലേഖകൻ
✆ 9846227555, 7902443188, 7907000401

NAVYA GROUP
N
SINCE 1984

| 100% | 100% | NO | 0% |
| --- | --- | --- | --- |
| NATURAL COLOUR | NATURAL FLAVOUR | ADDED PRESERVATIVES | TRANSFAT |

NAVYA® Bake Shop

*The Tempting Taste*

- Birthdays
- Weddings
- Baby Showers
- Holy Communion
- Product Launches

Farm Fresh
Cow Milk Available



NAVYA Bakers
Navya Bakers Pvt Ltd

NAVYA Farms
Navya Farms Private Limited

NAVYA Bakes
Navya Bakes & Confectioneries (I) Pvt Ltd

NAVYA PATISSERIE | Z'ST BISTRO | kokki AUTHENTIC SURIYANI TASTE RESTAURANT | ROOMS | N NAVYA AGENCIES

bake@navyabakers.com | order online | WWW.NAVYABAKERS.COM

*For any feedback or complaints, please contact our customer care executive: +91 484 2616 489 | +91 9496 001 250*

Navya Bakes & Confectioneries India Pvt. Ltd., Karukutty, Angamaly - 683 576, Ernakulam, Kerala, India

AN ISO 22000-2018 FSMS & HACCP CERTIFIED COMPANY

# എടയാർ ഇൻഡസ്ട്രിയൽ വ്യവസായ അസോസിയേഷന്റെ (ഇ.എസ്.എസ്.ഐ.എ.) പ്രവർത്തന നേട്ടങ്ങൾ

എടയാർ ഇൻഡസ്ട്രിയൽ വ്യവസായ അസോസിയേഷന്റെ (ഇ.എസ്.എസ്.ഐ.എ.) നേതൃത്വത്തിലുള്ള ചാരിറ്റി പ്രവർത്തനങ്ങളുടെ ഭാഗമായി 3 വീടുകൾ പുതുതായി നിർമ്മിച്ച് നൽകുകയും 5 വീടുകൾ അറ്റകുറ്റ പണി നടത്തി വാസയോഗ്യമാക്കുകയും ചെയ്തു. ഈ വീടുകളുടെ താക്കോൽദാനം ബഹു. എറണാകുളം എം.പി. ഹൈബി ഈഡൻ നിർവ്വഹിച്ചു. കടുങ്ങല്ലൂർ പഞ്ചായത്ത് പ്രസിഡന്റ് സുരേഷ് മുട്ടത്തിൽ ചടങ്ങിൽ പങ്കെടുത്തു. യോഗത്തിൽ അസോസിയേഷൻ പ്രസിഡന്റ് തോമസ് വാടക്കൽ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി വി.നരേന്ദ്രകുമാർ, ട്രഷറർ സലാം മണക്കാടൻ കെ.എസ്.എസ്.ഐ.എ. സംസ്ഥാന കമ്മറ്റി അംഗം സോജൻ ജോസഫ് എന്നിവർ പങ്കെടുത്തു. പഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ട കടുങ്ങല്ലൂരിലെ പ്രസന്നയുടെ



വീട്, എരുമത്തലയിലുള്ള ശാന്ത ഗോപാലന്റെ വീട്,18-ാം വാർഡ് മെമ്പർ സുനിതകുമാരിയുടെ ശുപാർശയോടെ വന്ന എടയാർ ഇത്തിക്കാട് നസീറിന്റെ വീടിന്റെ അറ്റകുറ്റ പണികൾ, വീടിന്റെ മേൽക്കൂര ചോരുന്നത് നന്നാക്കൽ, കാരോത്ത്കുന്നിൽ സുരേഷിന്റെ വീട് പുനർ നിർമ്മാണം എന്നിവ അതിൽ പ്രധാനപ്പെട്ടവയാണ്. അസോസിയേഷന്റെ ചാരിറ്റിയുടെ ഭാഗമായി നിരവധി രോഗികൾക്ക് ചികിത്സാ സഹായം കൊടുക്കുകയും ചെയ്തു. കഴിഞ്ഞ



ഒരു വർഷംകൊണ്ട് ഏകദേശം 25 ലക്ഷം രൂപയുടെ ചാരിറ്റി പ്രവർത്തനങ്ങളാണ് അസോസിയേഷൻ നടത്തിയത്. കൃത്രിമക്കാൽ വെക്കുന്നതുമായി ബന്ധപ്പെട്ട് മുപ്പത്തടം നിവാസിയും പ്ലസ് റ്റു വിദ്യാർത്ഥിയുമായ



സ്റ്റീവ് ഷിലിന് ഫണ്ട് അനുവദിക്കുക, ക്യാൻസർ രോഗികളായ ആളുകൾക്കുള്ള സഹായം, ഹൃദയ സംബന്ധമായ രോഗികളെ സഹായിക്കുന്നതിനുള്ള ചിലവ്, കേൾവി നഷ്ടപ്പെട്ടവർക്ക് ശ്രവണ സഹായി വാങ്ങിക്കുന്നതിനുള്ള സഹായം, വൃക്ക തകരാറിലായവർക്കുള്ള സഹായം എന്നിവ എടയാർ ഇൻഡസ്ട്രിയൽ വ്യവസായ അസോസിയേഷൻ ചെയ്ത സഹായങ്ങളിൽ പ്രധാനപ്പെട്ടവയാണ്.■





# പുതുമകളുമായി വേറിട്ട ഒരു ആരോഗ്യ-അപകട ഇൻഷ്വറൻസ് പോളിസി



വിശ്വനാഥൻ ഒടാട്ട്

**അ**സുഖങ്ങൾ അപകടങ്ങൾ, പ്രകൃതി ദുരന്തങ്ങൾ എന്നിവ മൂലം നമുക്ക് വലിയ സാമ്പത്തിക നഷ്ടമാണ് ഉണ്ടാവുന്നത്. പക്ഷെ നമ്മളിൽ ഭൂരിഭാഗം പേരും ഇത്തരം റിസ്കുകളെ ശരിയായി സംരക്ഷിച്ചിട്ടുണ്ടോ? വളരെ കുറഞ്ഞ ചിലവിൽ ലളിതമായ നടപടി ക്രമങ്ങളിലൂടെ മേൽ പറഞ്ഞ റിസ്കുകളെ ഒരു പരിധിവരെ സംരക്ഷിക്കുക എന്ന ഉദ്ദേശത്തോടെ എയിംസ് ഇൻഷുറൻസ് ബ്രോക്കിങ്ങ് കമ്പനി നടപ്പിലാക്കുന്ന ഗ്രൂപ്പ് ഹോസ്പിറ്റൽ ക്യാഷ് ഇൻഷുറൻസ് പദ്ധതിയുടെ വിശദാംശങ്ങളാണ് ചുവടെ കൊടുക്കുന്നത്. പോളിസി നൽകുന്നത് മാഗ്മ എച്ച്.ഡി.ഐ. ജനറൽ ഇൻഷൂറൻസ് കമ്പനിയാണ്.

ഈ പോളിസി പ്രകാരം ആശുപത്രിയിൽ അഡ്മിറ്റ് ആയി ചികിത്സ തേടുന്നവർക്ക് പ്രതിദിന ബത്തയായി 3000 രൂപ മുതൽ 5000 രൂപ വരെ (പരമാവധി 30 ദിവസം വരെ) ഒരു വർഷത്തിൽ ലഭിക്കുന്നതാണ്. ഐ.സി.യു.വിൽ ചികിത്സ ചെയ്താൽ പ്രതിദിനം 6000 മുതൽ 10000 രൂപ വരെ (പരമാവധി 15 ദിവസം വരെ) ആണ് പ്രതിദിന ബത്തയായി ലഭ്യമാവുക. പോളിസിയിൽ ചേർ ഭർത്താവിനും ഒരുമിച്ച് പോളിസിയിൽ ചേരാവുന്നതാണ്. രണ്ടു പേരും ഒരുമിച്ച് ചേരുമ്പോൾ പ്രീമിയത്തിൽ ഇളവും ലഭിക്കുന്നുണ്ട്. പോളിസിയിൽ ചേരാനായി, നിർദ്ദിഷ്ട പ്രപ്പൊസ്സൽ ഫോം സ്ഥാപനം പൂരിപ്പിച്ച് എക്സൽ ഫോമിൽ അംഗങ്ങളുടെ വിവരങ്ങൾ സഹിതം നൽകിയാൽ മതി. ഓരോ വിഭാഗം ഗ്രൂപ്പുക്കാർക്കും ഇണങ്ങുന്ന രീതിയിൽ രണ്ട് പാക്കേജുകൾ തിരഞ്ഞെടുക്കാനും അവസരമുണ്ട്. കുറഞ്ഞ ചിലവിൽ ആരോഗ്യ ഇൻഷൂറൻസും, അപകട ഇൻഷൂറൻസും, ടെലി മെഡിസിൻ കൺസൾട്ടേഷനും, ഇ ക്ലിനിക്ക് സൗകര്യവും ഒരുമിച്ച് ലഭ്യമാവുന്ന പോളിസിയാണിത്. ഇത് ഒരു ബെനിഫിറ്റ് പോളിസി ആയതിനാൽ നിലവിൽ പോളിസി ഇല്ലാത്തവർക്കും, ഉള്ളവർക്കും, ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. സംഘടനകൾ, ഗ്രൂപ്പുകൾ എന്നിവർക്ക് ഈ പോളിസികൾ ഏറെ ആശ്വാസകരമായിരിക്കും വിവിധ സ്ലാബുകളിലേയ്ക്കുള്ള പ്രീമിയം തുക താഴെ പട്ടികയിൽ കൊടുക്കുന്നു.

ഹോസ്പിറ്റൽ അഡ്മിറ്റായി 24 മണിക്കൂർ പൂർത്തിയായ

| ആനുകൂല്യങ്ങൾ (രൂപയിൽ) | | | വാർഷിക പ്രീമിയം (രൂപയിൽ) | |
|---|---|---|---|---|
| പ്രതിദിനബത്ത | | അപകട ഇൻഷൂറൻസ് | പ്രപ്പോസർ | പ്രപ്പോസറും ഭാര്യ/ഭർത്താവ് |
| റൂം | ഐ.സി.യു. | | | |
| 3,000 | 6,000 | 10,00,000 | 1,700 | 2,600 |
| 5,000 | 10,000 | 10,00,000 | 2,200 | 3,500 |

ന്നയാൾ അപകടങ്ങൾ മൂലം മരണമടയുകയാണെങ്കിൽ 10 ലക്ഷം രൂപ വരെ അവകാശിക്ക് ലഭിക്കുന്നതാണ്. (ഇതിൽ 50 ഓളം വിവിധങ്ങളായ അപകടങ്ങൾ കവർ ചെയ്യുന്നതാണ്). ഇതിനു പുറമെ അസുഖമോ അപകടമോ ഉണ്ടായാൽ നിങ്ങൾക്ക് വിദഗ്ദ ഡോക്ടറുടെ ഉപദേശങ്ങൾ സൗജന്യമായി നേടാനുള്ള സൗകര്യവുമുണ്ട്.

ഇത് ഒരു ഗ്രൂപ്പ് പോളിസിയായതിനാൽ ഗ്രൂപ്പിലെ എല്ലാവരേയും ഉൾപ്പെടുത്തി ഇൻഷൂർ ചെയ്യേണ്ടത് ആവശ്യമാണ്. 18 വയസ്സു മുതൽ 60 വയസ്സുവരെ ഉള്ളവർക്ക് മാത്രമെ പോളിസിയിൽ ചേരാൻ അർഹതയുള്ളു. പോളിസിയിൽ ചേർന്ന് 15 ദിവസത്തിന് ശേഷം ആശുപത്രി ദിനബത്തക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. ഭാര്യയ്ക്കും, ഓരോ ദിവസത്തിനും മേൽ കാണിച്ച ടേബിളിൽ പറയുന്ന പ്രകാരമുള്ള ക്ലെയിം തുകയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. ക്ലെയിം ലഭിക്കുന്നതിനായി ഡിസ്ചാർജ് ആയി 15 ദിവസത്തിനുള്ളിൽ ഹോസ്പിറ്റലിൽ നിന്നുള്ള ട്രീറ്റ്മെന്റ് ഹിസ്റ്ററി, ഡിസ്ചാർജ് കാർഡ്, ആധാർ കാർഡ്, ബാങ്ക് പാസ്സ് ബുക്ക് എന്നിവയുടെ കോപ്പി എയിംസ് തൃശ്ശൂർ ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് എയിംസ് ഇൻഷുറൻസുമായി ബന്ധപ്പെടുക.■

**എയിംസ് ഇൻഷൂറൻസ് ബ്രോക്കിംങ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിങ്ങ് ഡയറക്ടർ ആണ് ലേഖകൻ**
✆ 9895768333



# 'നന്മ' നിറഞ്ഞവൻ കേരള ബ്രാൻഡ്

Quality ✔
Ethical ✔
Product of Kerala
– Made in India –

**സം**സ്ഥാനത്തെ സംരംഭകരെ കൈപിടിച്ചുയർത്താനുള്ള വ്യവസായ വകുപ്പിന്റെ ശ്രമങ്ങളുടെ ഭാഗമായി ഉത്പന്നങ്ങൾക്ക് തനതായ ഐഡന്റിറ്റിയും അടയാളവും ഉറപ്പാക്കുന്ന ദീർഘവീക്ഷണത്തോടുകൂടെ ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന പദ്ധതിയാണ് **'മെയ്ഡ് ഇൻ കേരള ബ്രാൻഡിങ്'**. ഗുണനിലവാരം, എത്തിക്കൽ ഉത്പാദനം എന്നിവയെ ആധാരമാക്കി നൽകുന്ന മെയ്ഡ് ഇൻ കേരള ബ്രാൻഡിങ് സംസ്ഥാനത്തെ സംരംഭകർക്ക് വലിയ ആത്മവിശ്വാസവും വിപണിമൂല്യവും പകരുന്നു നല്ലുമെന്നുറപ്പാണ്. **'നന്മ'** എന്ന ഔദ്യോഗിക നാമത്തിലാണ് **'കേരള ബ്രാൻഡ്'** നിലവിൽ വരുന്നത്. രാജ്യത്താദ്യമായാണ് ഒരു സംസ്ഥാനത്തിന്റെ തനത് ഉത്പന്നം ബ്രാൻഡിങ്ങിലൂടെ ആഗോളവിപണിയിലെത്തുന്നത്.

കേരളത്തിൽ നിർമ്മിക്കുന്ന ഉത്പന്നങ്ങൾ/നൽകുന്ന സേവനങ്ങൾ എന്നിവയ്ക്ക് 'മെയ്ഡ് ഇൻ കേരള' എന്ന തനതായ ബ്രാൻഡ് നാമത്തിലൂടെ ഒരു ആഗോള ഗുണനിലവാരം കൊണ്ട് വരികയും, അതുവഴി ഈ ഉത്പന്നങ്ങൾക്ക് സേവനങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിൽ ഉള്ള വിപണന സാധ്യത കൂട്ടുകയും എന്ന ലക്ഷ്യത്തോടെയുമാണ് കേരള സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് 'കേരളാ ബ്രാൻഡ്' പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കേരളത്തിലെ ചെറുകിട ഇടത്തരം സൂക്ഷ്മ സംരംഭകരുടെ എണ്ണം വർധിക്കാൻ ഇത് സഹായകരമാകും.





സൂരജ് എസ്.

### കേരള ബ്രാൻഡിന്റെ സവിശേഷത

സംസ്ഥാനത്തെ തദ്ദേശീയ ഉൽപന്നങ്ങൾക്ക് സവിശേഷമായ അടയാളം നൽകി കേരളത്തിലെ സംരംഭങ്ങളെ ആഗോള വിപണിയിലേക്ക് പ്രാപ്തരാക്കുകയും ചെയ്യുകയാണ് ബ്രാൻഡിങ് കൊണ്ട് ലക്ഷ്യമിടുന്നത്. കേരളത്തിലെ വ്യവസായത്തിന്റെ പ്രത്യേകതകൾ പ്രതിഫലിപ്പിക്കുന്നതാവും കേരള ബ്രാൻഡ്.



- കേരളത്തിൽനിന്നുള്ള അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചുള്ള ഉൽപന്ന നിർമാണം.
- മുഴുവനായും കേരളത്തിൽ തന്നെ നിർമിക്കുന്നത്.
- ബാലവേല പ്രോത്സാഹിപ്പിക്കാത്തത്.
- ലിംഗ/വർഗ/ജാതി വിവേചനമില്ലാതെ പ്രവർത്തിക്കുന്ന ജോലി സ്ഥലങ്ങൾ.
- പരിസ്ഥിതി സൗഹൃദവും പരിസ്ഥിതി ബോധമുള്ളതുമായ പ്രവർത്തനങ്ങൾ.
- സുരക്ഷിതവും വൃത്തിയുള്ളതും പുരോഗമനപരവുമായ ജോലിസ്ഥലങ്ങൾ.
- സാങ്കേതികവിദ്യയിൽ ഊന്നിയ പ്രവർത്തനങ്ങൾ.
- കേരളം ലോകം അറിയുന്ന ഒരു ബ്രാൻഡാണ്. നമ്മുടെ മാനവവിഭവ സൂചകം, കേരള മോഡൽ വികസനം, കേരളത്തിന്റെ ടൂറിസം ഒക്കെ ലോകത്ത് അംഗീകരിക്കപ്പെട്ട ബ്രാൻഡാണ്. ഇതിനെ എങ്ങിനെ നമ്മുടെ നാട്ടിലെ ഉത്പന്നങ്ങളുടെ വിപണനത്തിന് ഉപയോഗപ്പെടുത്താം എന്ന ആലോചനയിൽ നിന്നാണ് 'മെയ്ഡ് ഇൻ കേരള' എന്ന കേരള ബ്രാൻഡ് ആശയത്തിന്റെ ആവിർഭാവം. ആധുനിക ലോകത്തിൽ ആളുകളുടെ ഉപഭോഗരീതികളിൽ വലിയ തരത്തിലുള്ള മാറ്റങ്ങൾ പ്രഥമദൃഷ്ട്യാൽ തന്നെ പ്രകടമാണ്. ഗുണനിലവാരത്തിനൊപ്പം ഉത്പാദനം ധാർമികമൂല്യങ്ങൾ പാലിച്ചുള്ളതാണോ എന്നതൊക്കെ ഉപഭോക്താവിന്റെ പരിഗണനാ വിഷയങ്ങളായി മാറിക്കഴിഞ്ഞു.വലിയ ബ്രാൻഡുകൾക്കപ്പുറം നാട്ടിലെ ഗുണനിലവാരമുള്ള ഉത്പന്നങ്ങൾക്കും ആളുകൾ മുൻഗണന നൽകിത്തുടങ്ങി. ധാർമ്മികമായ ഉത്പാദനരീതികൾ ഇന്ന് ഉത്പന്നങ്ങൾക്ക് വിപണിയിൽ മൂല്യവർധനവും ഉപഭോക്താവിന്റെ മനസ്സിൽ സുസ്ഥിര സ്ഥാനവും നൽകുന്നുണ്ട്. ഗുണനിലവാരം, ധാർമ്മികതയിൽ അധിഷ്ഠിതമായ ഉത്പാദനം എന്നീ രണ്ട് സുപ്രധാന ഘടകങ്ങൾ പരിഗണിച്ചാണ് കേരള ബ്രാൻഡിങ്ങിൽ സർട്ടിഫിക്കേഷൻ നൽകുന്നത്.

## കേരള ബ്രാൻഡിങ്ങിലൂടെ ലഭിക്കുന്ന നേട്ടങ്ങൾ

- ആഭ്യന്തര, അന്തർദേശീയ തലങ്ങളിൽ 'മെയ്ഡ് ഇൻ കേരള' എന്ന തനതായ ബ്രാൻഡ് നാമത്തിൽ അവരുടെ ഉൽപന്നങ്ങളോ സേവനങ്ങളോ വിപണനം ചെയ്യാൻ കഴിയും.
- ഉയർന്ന നിലവാരമുള്ള സർട്ടിഫിക്കേഷനുകൾ നേടുന്നതിനുള്ള സാമ്പത്തിക സഹായം, കയറ്റുമതി മെച്ചപ്പെടുത്തുന്നതിന് കൂടുതൽ സഹായിക്കും.
- അന്താരാഷ്ട്ര വ്യാപാര മേളകളിലും മാർക്കറ്റിങ് എക്സ്പോകളിലും പ്രദർശിപ്പിക്കുന്ന ഉൽപന്നങ്ങളുടെ/സേവനങ്ങളുടെ പട്ടികയിൽ പരിഗണിക്കപ്പെടും.

എല്ലാ മേഖലയിൽ നിന്നുമുള്ള ഉൽപന്നങ്ങൾ പാലിക്കേണ്ട പൊതുവായ മാനദണ്ഡങ്ങളുടെ വിലയിരുത്തലുകളിലൂടെയാകും കേരളബ്രാൻഡ് സർട്ടിഫിക്കറ്റ് സംരംഭങ്ങൾക്ക് അനുവദിച്ചു നൽകുക. അതത് മേഖലക്കുള്ള പ്രത്യേക (സെക്ടർ സ്പെസിഫിക്) മാനദണ്ഡങ്ങളുമുണ്ടാവും. കേരള ബ്രാൻഡിന്റെ ഗുണനിലവാരം, ധാർമികത, ഉത്തരവാദിത്ത വ്യവസായം എന്നിവ ഉറപ്പാക്കുന്ന ഒരു ചെക്ക് ലിസ്റ്റും ഇതിനായി തയ്യാറാക്കിയിട്ടുണ്ട്. കേരള ബ്രാൻഡിന് കീഴിൽ വിപണനം ചെയ്യുന്ന ഉൽപന്നങ്ങളും സേവനങ്ങളും വിപണിയിൽ നിലവിലുള്ള ഗുണനിലവാര മാനദണ്ഡങ്ങൾക്ക് അനുസൃതമായിരിക്കണം.

കേരള ബ്രാൻഡ് അംഗീകാരം നൽകുന്നതിനും നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളും നിബന്ധനകളും പാലിക്കപ്പെടുന്നുണ്ട് എന്നുറപ്പാക്കുന്നതിനുമായി സംസ്ഥാനതല കമ്മിറ്റിയും താലൂക്ക് തല കമ്മിറ്റികളും രൂപവത്കരിച്ചിട്ടുണ്ട്. സംസ്ഥാന തല കമ്മിറ്റിയിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായും വ്യവസായ ഡയറക്ടർ കൺവീനർ ആയും പ്രവർത്തിക്കുന്നു. കൂടാതെ കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർ, കെബിപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ജോയിന്റ് ഡയറക്ടർ ജനറൽ ഓഫ് ഫോറിൻ ട്രേഡ്, കൊച്ചി; കെ.എസ്.എസ്.ഐ.എ. അംഗങ്ങളുടെ പ്രതിനിധി, ബി.ഐ.എസ്. അംഗങ്ങളുടെ പ്രതിനിധി തുടങ്ങിയവും അംഗങ്ങളാണ്.

ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജർ ചെയർമാനും ബന്ധപ്പെട്ട വകുപ്പ് ജില്ലാ മേധാവി കോ-ചെയർമാനും ജില്ലാ വ്യവസായ കേന്ദ്ര എ.ഡി.ഐ.ഒ. കൺവീനറായുമാണ് താലൂക്ക് തല കമ്മിറ്റികൾ രൂപീകരിച്ചിരിക്കുന്നത്. കൂടാതെ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ, ഇൻഡസ്ട്രിയൽ അസോസിയേഷനുകളുടെ പ്രതിനിധികൾ, ഗവേഷണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ എന്നിവരും താലൂക്ക് തല കമ്മിറ്റി അംഗങ്ങളാണ്. സംരംഭങ്ങൾക്കു **www.keralabrand.industry.kerala.gov.in** എന്ന പോർട്ടൽ മുഖേനെ കേരള ബ്രാൻഡ് സർട്ടിഫിക്കറ്റിനായി അപേക്ഷിക്കാവുന്നതാണ്.

സ്വയം പ്രഖ്യാപിത ചെക്ക് ലിസ്റ്റും വേണ്ട സപ്പോർട്ടിങ് രേഖകളുംകൂടി സമർപ്പിക്കണം. അപേക്ഷ പരിശോധിച്ച് അതത് പ്രദേശത്തെ ഐ.ഇ.ഒ. യുടെയും എ.ഡി.ഐ.ഒ. യുടെയും നേതൃത്വത്തിൽ തുടർ നടപടികൾ സ്വീകരിക്കും.

## മെയ്ഡ് ഇൻ കേരള: ആദ്യഘട്ട കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ വിതരണം

സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരെ കൈപിടിച്ചുയർത്താനുള്ള ശ്രമത്തിന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട ഉല്പന്നങ്ങൾക്ക് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി . രാജീവ് 'മെയ്ഡ് ഇൻ കേരള ബ്രാൻഡ്' സർട്ടിഫിക്കറ്റ് 2024 ഓഗസ്റ്റ് 21-ന് തിരുവനന്തപുരത്ത് സമ്മാനിച്ചു. ഗുണനിലവാരം, നൈതിക ഉല്പാദനം എന്നിവയെ ആധാരമാക്കി നൽകുന്ന 'മെയ്ഡ് ഇൻ കേരള ബ്രാൻഡിങ്' സംസ്ഥാനത്തെ സംരംഭകർക്ക് വലിയ ആത്മവിശ്വാസം പകരുമെന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്തു കൊണ്ട് ബഹു. മന്ത്രി പറഞ്ഞു.

> **രാജ്യത്താദ്യമായാണ് ഒരു സംസ്ഥാനത്തിന്റെ തനത് ഉത്പന്നം ബ്രാൻഡിങ്ങിലൂടെ ആഗോളവിപണിയിലെത്തുന്നത്.**





സംരംഭകരെ സഹായിക്കാനും അവരുടെ ആത്മവിശ്വാസം വളർത്താനുമായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ഒക്ടോബറിൽ സംരംഭക സഭ ചേരും. ആദ്യ ഘട്ടത്തിൽ തിരഞ്ഞെടുക്കപ്പെട്ട ആറ് വെളിച്ചെണ്ണ ഉല്പാദകർക്കാണ് മെയ്ഡ് ഇൻ കേരള ബ്രാൻഡ് സർട്ടിഫിക്കറ്റ് സമ്മാനിച്ചത്. എം.ആർ.എൽ. കുട്ടനാടൻ കോക്കനട്ട് ഓയിൽ (ആലപ്പുഴ), കെഡിസൺ എക്സ്പെല്ലേഴ്സ് (കോട്ടയം), വരാപ്പെട്ടി കോക്കനട്ട് ഓയിൽ (എറണാകുളം), കെ.എം. ഓയിൽ ഇൻഡസ്ട്രീസ്, അഞ്ചരക്കണ്ടി എഫ്എസ്സി ബാങ്കിന്റെ സഹകാരി ഇന്റഗ്രേറ്റഡ് കോക്കനട്ട് പ്രൊസസിങ് പ്ലാന്റ് (കണ്ണൂർ), കളത്ര ഓയിൽ മിൽസ് (കാസർകോട്) എന്നീ വെളിച്ചെണ്ണകൾക്കാണ് ആദ്യഘട്ടത്തിൽ ബ്രാൻഡിങ് നൽകിയത്. കൂടുതൽ ഉൽപന്നങ്ങൾ അടുത്ത ഘട്ടത്തിൽ പരിഗണിക്കും.■



### 'കേരളാ ബ്രാൻഡ്' പദ്ധതിയുടെ ലോഗോ പ്രകാശനം

'കേരളാ ബ്രാൻഡ്' പദ്ധതിയുടെ ലോഗോ പ്രകാശനം ബഹു. നിയമ വ്യവസായ, കയർ വകുപ്പ് മന്ത്രി പി. രാജീവ് 2024 ഫെബ്രുവരി 16ന് തിരുവനന്തപുരത്ത് നിർവഹിച്ചു. ഗുണമേന്മയുള്ളതും ധാർമികവും ഉത്തരവാദിത്തമുള്ളതുമായ വ്യാവസായിക സമ്പ്രദായങ്ങളോടുള്ള കേരളത്തിന്റെ പ്രതിബദ്ധതയെ ഉയർത്തിക്കാട്ടുകയും 'കേരളത്തിൽ നിർമിച്ച' തദ്ദേശീയ ഉൽപന്നങ്ങൾക്ക് തനതായ ഒരു അടയാളം സൃഷ്ടിച്ചുകൊണ്ട് ആഗോള വിപണി സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് കേരള സംരംഭങ്ങളെ പ്രാപ്തരാക്കുകയും ചെയ്യുക എന്ന ലക്ഷ്യങ്ങളോടെ നടപ്പിലാക്കുന്ന പദ്ധതിയായ 'കേരളാ ബ്രാൻഡിന്' ഏറ്റവും അനുയോജ്യമായ 'നന്മ' എന്ന ഔദ്യോഗിക നാമത്തിലാണ് ലോഗോ നിർമിച്ചിരിക്കുന്നത്.

**കെ-ബിപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആണ് ലേഖകൻ**

## ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സ്: കേരളത്തിന് ഒന്നാം സ്ഥാനം കെ.എസ്.എസ്.ഐ.എ. സംസ്ഥാന സർക്കാരിനെ അഭിനന്ദിച്ചു

സംസ്ഥാനത്തെ വ്യവസായ മേഖലയിൽ സൗഹൃദ അന്തരീക്ഷം ഒരുക്കുന്നതിൽ കേരളം ഒന്നാം സ്ഥാനത്തേക്ക് എത്തിച്ച കേരള സർക്കാരിനും പ്രത്യേകിച്ച് വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവിനും കെ.എസ്.എസ്.ഐ.എ. അഭിനന്ദിച്ചു. കേന്ദ്ര വ്യവസായ വാണിജ്യ മന്ത്രാലയം തയ്യാറാക്കിയ 30 സൂചികകളിൽ നടത്തിയ പ്രവർത്തനങ്ങളിൽ വിശദമായ പഠനങ്ങളും, പരിശോധനകളും നടത്തിയതിൽ 9 മേഖലകളിൽ കേരളം ഒന്നാമതായി. വ്യവവസായ രംഗത്ത് വളരെ കാലമായുള്ള ലൈസൻസ് സംബന്ധമായ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനായി 7 ആക്റ്റുകളും 10 ചട്ടങ്ങളും ഭേദഗതി ചെയ്യുകയുണ്ടായി. ലൈസൻസിന് അപേക്ഷിച്ചാൽ നിശ്ചിത സമയത്തിനുള്ളിൽ തീർപ്പ് കല്പിക്കൽ, സംരംഭകരുടെ പരാതികൾക്ക് പ്രശ്ന പരിഹാര സമിതികൾ, സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കാനുള്ള അനുമതി, തുടങ്ങിയ നിരവധി വ്യവസായ സൗഹൃദ അന്തരീക്ഷം രൂപപ്പെടുത്തിയതിന് റാങ്കിങ്ങ് ഉയർത്താൻ സഹായകരമായി. 2020 ൽ 28-ാം റാങ്ക് ഉണ്ടായിരുന്നത് ഒരു കൊല്ലത്തിനു ശേഷം 15-ാം റാങ്കിലെത്തി. 2022-23 കാലഘട്ടത്തിൽ അത് ഒന്നാം റാങ്കിലേക്ക് ഉയരാൻ സാധിച്ചു. ആന്ധ്ര, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളെ പിന്നിലാക്കി കൊണ്ടാണ് കേരളം ഒന്നാമത്ത് എത്തിയത്. കേരള സർക്കാരിന്റെയും പ്രത്യേകിച്ച് വ്യവസായ വകുപ്പ് മന്ത്രിയുടെയും നിശ്ചയ ദാർഢ്യത്തിന്റെയും ആത്മാർത്ഥമായ പ്രവർത്തനങ്ങളുടെയും ഫലമായിട്ടാണ് കേരളം ഒന്നാം റാങ്കിൽ എത്തിയത്. വ്യവസായ മേഖലയിൽ നടപ്പാക്കുന്ന എല്ലാ സൗഹൃദ നടപടികൾക്കും വ്യവസായ സമൂഹത്തിന്റെ എല്ലാ പിന്തുണയും സർക്കാരിന് ഉണ്ടാകുമെന്ന് സംഘടനയുടെ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീനും ജനറൽ സെക്രട്ടറി പി.ജെ.ജോസും അറിയിച്ചു.

## മൈക്രോ സ്മാൾ മീഡിയം എന്റർപ്രൈസസ് (എം.എസ്.എം.ഇ.) ക്ക് 107 കോടിയുടെ വികസന പദ്ധതിയ്ക്ക് അനുമതി

സംസ്ഥാനത്തെ എം.എസ്.എം.ഇ. കളെ ശക്തിപ്പെടുത്താനുള്ള (റൈസിങ്ങ് ആന്റ് ആക്സിലറേറ്റിങ്ങ് എം.എസ്.എം.ഇ. പെർഫോർമൻസ്) പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചു. സംസ്ഥാന സർക്കാർ സമർപ്പിച്ച പദ്ധതിയ്ക്കാണ് അംഗീകാരം ലഭിച്ചത്. ലോക ബാങ്കിന്റെ സഹായത്തോടെ കേന്ദ്ര എം.എസ്.എം.ഇ. മന്ത്രാലയം നടപ്പാക്കേണ്ട പദ്ധതി വഴി 107.71 കോടി രൂപയുടെ ഗ്രാന്റ് സംസ്ഥാന സർക്കാരിന് ലഭിക്കും. എം.എസ്.എം.ഇ. പദ്ധതികളുടെ സ്വാധീനം ശക്തമാക്കുക, നവീന ആശയങ്ങൾ പ്രോത്സാഹിപ്പിച്ച് ആശയ വിനിമയം വർദ്ധിപ്പിക്കുക, ഉല്പന്നങ്ങൾക്ക് വിപണി ഉയർത്തുക, സംരംഭങ്ങൾക്കിടയിൽ ഹരിതവൽക്കരണ രീതി പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയാണ് പ്രധാന ലക്ഷ്യങ്ങൾ. മിഷൻ 1000 യൂണിറ്റുകൾക്കുള്ള ഡി.പി.ആർ. സഹായം എം.എസ്.എം.ഇ. കൾക്കുള്ള ബിസിനസ്സ് സഹായം ഇറക്കുമതി ബദൽ പഠനവും സ്ട്രാറ്റജിക്ക് പ്ലാൻ തയ്യാറാക്കൽ, ടെക്നോളജി ക്ലിനിക്കുകൾ, ട്രെയിനിങ്ങ് എന്നിവയ്ക്ക് പണം ഉപയോഗിക്കാം. സംസ്ഥാന വ്യവസായ വകുപ്പാണ് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത്. മൂന്ന് വർഷം കാലാവധിയുള്ള ഈ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയതിനുശേഷം തുടർന്നുള്ള ഗ്രാന്റ് അനുവദിക്കും. റാംപ് പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച ശില്പശാല വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് ഉത്ഘാടനം ചെയ്തു.

## പാലക്കാട് വ്യവസായ സ്മാർട്ട് സിറ്റി തുടങ്ങാൻ കേന്ദ്ര സർക്കാരിന്റെ തീരുമാനം

രാജ്യത്തെ വ്യവസായ ഇടനാഴികകളെ തമ്മിൽ ബന്ധിച്ച് രാജ്യത്താകെ സ്ഥാപിക്കുന്ന 12 സ്മാർട്ട് സിറ്റികളിൽ ഒന്നാണ് പാലക്കാട് വരിക. 3806 കോടി രൂപയാണ് പാലക്കാട്ടെ പദ്ധതിയ്ക്കായി മുടക്കുക. ഇതിലൂടെ 51,000 പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന കേന്ദ്ര മന്ത്രിസഭാ യോഗത്തിൽ കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവാണ് പദ്ധതിയ്ക്ക് അനുമതി നൽകിയത്. പാലക്കാട് പുതുശ്ശേരിയിലാണ് സ്മാർട്ട് സിറ്റി വരിക. സേലം-കൊച്ചി ദേശീയ പാതയോട് ചേർന്നാണിത്. വികസിത് ഭാരത് പദ്ധതി പ്രകാരമാണ് വ്യവസായ സ്മാർട്ട് സിറ്റികൾ വരുന്നത്. ഇതിലൂടെ 1.5 ലക്ഷം കോടി രൂപയുടെ നിക്ഷേപങ്ങൾ ആകർഷിക്കാനാകുമെന്നാണ് പ്രതീക്ഷ. പദ്ധതികളിലൂടെ 12 ലക്ഷം പേർക്ക് നേരിട്ടും 20 ലക്ഷത്തിലേറെപ്പേർക്ക് പരോക്ഷമായി തൊഴിലവസരം ലഭിക്കും. ഉത്തരാഖണ്ഡിലെ ഖുർപിയ, പഞ്ചാബിലെ രാജ്പുര, പാട്യാല, മഹാരാഷ്ട്രയിലെ ദിഗ്ഗി, യുപിയിലെ ആഗ്ര, പ്രയാഗ്‌രാജ്, ബിഹാറിലെ ഗയ, തെലങ്കാനയിലെ സഹീറാബാഗ്, ആന്ധ്രയിലെ ഒർവാക്കൽ, കൊപ്പാർത്തി, രാജസ്ഥാനിലെ ജോധ്പുർ-പാലി എന്നിവിടങ്ങളിലാണ് മറ്റ് സ്മാർട്ട് സിറ്റികൾ വരുന്നത്.

# സ്റ്റാർട്ടപ്പുകൾക്ക്

## 20 ലക്ഷം വായ്പയും 2 ലക്ഷം സബ്സിഡിയും



ടി.എസ്. ചന്ദ്രൻ

സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി നടപ്പാക്കിവരുന്ന ഒരു പദ്ധതിയാണ് ഇത്. മതന്യൂന പക്ഷ വിഭാഗങ്ങൾക്കും ഒ.ബി.സി വിഭാഗങ്ങൾക്കും വായ്പ ലഭിക്കും. ഈ വിഭാഗത്തിലെ പ്രൊഫഷണലുകൾക്ക് സ്റ്റാർട്ടപ് സംരംഭം ആരംഭിക്കുന്നതിനാണ് വായ്പയും സബ്സിഡിയും അനുവദിക്കുക.

### മതന്യൂനപക്ഷങ്ങൾക്ക് 20 ലക്ഷം രൂപ വരെ

മതന്യൂനപക്ഷത്തിൽ വരുന്ന പ്രൊഫഷണലുകൾക്ക് 20 ലക്ഷം രൂപ വരെ വായ്പ അനുവദിക്കും. ഒ.ബി.സി. വിഭാഗക്കാർക്ക് 15 ലക്ഷം രൂപയാണ് പരമാവധി സ്റ്റാർട്ട്അപ് വായ്പയായി അനുവദിക്കുന്നത്.

### പ്രൊഫഷണലുകൾക്ക് പരിഗണന

അപേക്ഷകർ പ്രൊഫഷണൽ കോഴ്സുകൾ വിജയിച്ചവർ ആയിരിക്കണം. എം.ബി.ബി.എസ്, ബി.ഡി.എസ്., ബി.എ.എം.എസ്, ബിടെക് , ബി.എച്ച്.എം. എസ്, ബിആർക്ക്, വെറ്റിനറി സയൻസ്, ബി.എസ്.സി അഗ്രികൾച്ചർ, ബീഫാം, ബയോടെക്നോളജി, ബി.സി.എ, എൽഎൽബി, എം.ബി.എ, ഫുഡ് ടെക്നോളജി, ബി.സി.എ, ഫൈൻ ആർട്സ്, ഡയറി സയൻസ്, ഫിസിക്കൽ എഡ്യൂക്കേഷൻ, ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി തുടങ്ങിയ കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയവർക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. മെഡിക്കൽ / ആയുർവേദ / ഹോമിയോ / സിദ്ദ / ദന്തൽ ക്ലിനിക്, വെറ്റിനറി ക്ലിനിക്ക്, സിവിൽ എഞ്ചിനീയറിങ്ങ് കൺസൾട്ടൻസി, ആർക്കി ടെക്ചറൽ കൺസൾട്ടൻസി, ഫാർമസി, സോഫ്റ്റ് വെയർ ഡെവലപ്മെന്റ്, ഡയറി ഫാം, അക്വാകൾച്ചർ, ഫിറ്റ്നസ് സെന്റർ, ഫുഡ് പ്രോസ സിങ്ങ് യൂണിറ്റ്, ഓർക്കിഡ് ഫാം, ടിഷ്യു കൾച്ചർ ഫാം, വീഡിയോ പ്രൊഡക്ഷൻ യൂണിറ്റ്, എഞ്ജിനിയറിങ്ങ് വർക്ക്ഷോപ്പ്, തുടങ്ങി പ്രൊഫഷണൽ യോഗ്യതയു മായി ബന്ധപ്പെട്ട വരുമാനദായകമായ ഏതൊരു നിയമാനുസൃത സംരംഭവും ആരംഭിക്കുന്നതിന് വായ്പ ലഭിക്കുന്നതാണ്.

### യോഗ്യതകൾ

പ്രായം 40 വയസ്സിൽ താഴെ ആയിരിക്കണം. പ്രൊഫഷണൽ ഡിഗ്രി ഉണ്ടായിരിക്കണം. കുടുംബ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ അധികരിക്കാൻ പാടില്ല.

### പലിശ നിരക്കും തിരിച്ചടവും

വായ്പയുടെ 8 ശതമാനമാണ് വാർഷിക പലിശ. 84 മാസം വരെയാണ് തിരിച്ചടവ് കാലാവധി. വായ്പക്ക് ഉദ്യോഗസ്ഥ ജാമ്യമോ വസ്തു ജാമ്യമോ നിർബന്ധമാണ്. പദ്ധതി ചെലവിന്റെ 95 % വരെ വായ്പയായി ലഭിക്കും. ബാക്കി സംരംഭകൻ സ്വന്തം നിലയിൽ കണ്ടെത്തണം.

### രണ്ടുലക്ഷം രൂപ വരെ സബ്സിഡി

പ്രൊഫഷണലുകൾക്ക് സ്റ്റാർട്ടപ് സംരംഭങ്ങൾ ആരംഭിക്കുന്നതിനും നോർക്ക റൂട്ട്സ് വഴി വായ്പയെ ടുത്ത് സംരംഭങ്ങൾ ആരംഭിക്കുന്നതിനും പദ്ധതി ചെലവിന്റെ 20 ശതമാനം പരമാവധി രണ്ട് ലക്ഷം രൂപ വരെ സബ്സിഡിയായി അനുവദിക്കും. കൃത്യമായി വായ്പ തിരിച്ചടവ് നടത്തുന്നവർക്കാണ് സബ്സിഡി ആനുകൂല്യങ്ങൾ നൽകുക.


### അപേക്ഷകൾ നേരിട്ട്

കോർപ്പറേഷന്റെ ജില്ലാ/മേഖല ഓഫീസുകൾ വഴി അപേക്ഷ ഫോമുകൾ ലഭ്യമാണ്. ഇവ ഓഫീസുകളിൽ നേരിട്ട് സമർപ്പിക്കുകയും വേണം. അപേക്ഷയോടൊപ്പം ജാതി സർട്ടിഫിക്കറ്റ്, സ്ഥിര ആസ്തികൾക്കുള്ള കൊട്ടേഷനുകൾ വിശദമായ പദ്ധതി രൂപരേഖ എന്നിവയും സമർപ്പിക്കണം.■

കൂടുതൽ വിവരങ്ങൾക്ക് പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ ജില്ലാ / മേഖല ഓഫീസുകളുമായി ബന്ധപ്പെടുക.


**സംസ്ഥാന വ്യവസായ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ ആണ് ലേഖകൻ.**






### സാങ്കേതികതയുടെ നവകേരളം

# സംസ്ഥാനത്തിന്റെ വ്യവസായ ഭാവിക്ക് പുതിയ ദിശയൊരുക്കി റോബോട്ടിക്സ് റൗണ്ട് ടേബിൾ കോൺഫറൻസ്.






എസ്. ഹരി കിഷോർ ഐ.എ.എസ്.

പരമ്പരാഗതമായ വ്യവസായങ്ങളിൽ നിന്ന് ഹൈടെക് വ്യവസായ മേഖലകളിലേക്ക് മുന്നേറുന്ന വിപ്ലവകരമായ മാറ്റങ്ങൾക്കാണ് സമകാലിക കേരളം സാക്ഷ്യം വഹിക്കുന്നത്. വ്യാവസായികരംഗത്ത് അത്യാധുനിക സാങ്കേതികവിദ്യകളുടെ ആകർഷണ കേന്ദ്രമാകുന്നതിൽ സംസ്ഥാനം കഴിഞ്ഞ ഏതാനും വർഷങ്ങളിൽ കൈവരിച്ച നേട്ടം ഏറെ പ്രശംസനീയമാണ്. ഇത്തരം മാറ്റങ്ങൾക്ക് അടിസ്ഥാനമായി നിന്നത് സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പുതിയ വ്യവസായ നയമായിരുന്നു. ഈ മുന്നേറ്റത്തിന്റെ ഭാഗമായി കെ.എസ്.ഐ.ഡി.സി. കൊച്ചിയിൽ സംഘടിപ്പിച്ച ഏകദിന അന്താരാഷ്ട്ര റോബോട്ടിക്സ് റൗണ്ട് ടേബിൾ കോൺഫറൻസ് ലോകശ്രദ്ധയാകർഷിച്ച പരിപാടിയായി മാറി. റോബോട്ടിക്സിന്റെ ഭാവിയെക്കുറിച്ചുള്ള സംവാദങ്ങളും, അതിന്റെ പ്രായോഗിക വശങ്ങളെക്കുറിച്ചും ചർച്ചചെയ്ത സമ്മേളനം പുതിയ തൊഴിൽ, പുതുമയാർന്ന ആശയങ്ങൾ, ഉൽപന്നങ്ങൾ എന്നിവയുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിക്കുന്ന ദീർഘകാല പ്രവർത്തനങ്ങളുടെ ആദ്യ ചുവടുവെപ്പാണ്. 'റോബോട്ടിക്സ്' എന്ന സാങ്കേതിക വിദ്യ റോബോട്ടുകളുടെ ആശയം, രൂപകൽപന, നിർമ്മാണം, പ്രവർത്തനം എന്നിവ ഉൾക്കൊള്ളുന്ന എൻജിനീറിങ്ങിന്റെയും കമ്പ്യൂട്ടർ സയൻസിന്റെയും സമ്മിശ്ര ശാഖയാണ്. മനുഷ്യനെ പലവിധത്തിൽ സഹായിക്കാൻ കഴിയുന്ന ബുദ്ധിശക്തിയുള്ള യന്ത്രങ്ങൾ സൃഷ്ടിക്കുക എന്നതാണ് റോബോട്ടിക്സ് മേഖലയുടെ ലക്ഷ്യം.

രാജ്യത്തിന്റെ വ്യാവസായിക വളർച്ചയുടെയും മാറ്റത്തിന്റെയും പ്രധാന ഇടമായ കേരളം വികസന പദ്ധതികളുടെ ഭാഗമായാണ് ഇത്തരം നൂതന ആശയങ്ങൾ നടപ്പാക്കുന്നത്. വ്യാവസായിക മേഖലയിലെ പരമ്പരാഗതവും ആധുനികവുമായ മേഖലകളുടെ സംയോജനത്തിലൂടെ വികസനത്തിന്റെ പുതിയ പാത തേടുകയാണ് സംസ്ഥാനം. ജൂലൈയിൽ ഐ.ബി.എമ്മും. കെ.എസ്.ഐ.ഡി.സി. യും സംയുക്തമായി കൊച്ചിയിൽ സംഘടിപ്പിച്ച ദ്വിദിന അന്താരാഷ്ട്ര ജനറേറ്റീവ് എ.ഐ. കോൺക്ലേവ് ഈ പരമ്പരയിലെ ആദ്യ ഘട്ടമായിരുന്നു. വ്യവസായികളും പ്രൊഫഷണലുകളും നയ നിർവാഹകരും പങ്കെടുത്ത ഈ കോൺക്ലേവ്, വാണിജ്യവ്യവസായ മേഖലയിൽ കേരളം പുതിയ മാറ്റങ്ങൾ സ്വീകിരിക്കുന്നതിന്റെ ഉത്തമ ഉദാഹരണമാണ്.

ഇതിന്റെ തുടർച്ചയായി സംസ്ഥാനത്തെ സംരംഭകർക്കായി കൊച്ചിയിൽ തുടർ നിക്ഷേപ സമ്മേളനം സംഘടിപ്പിച്ചു. അഞ്ച് കോടിയ്ക്ക് മുകളിൽ നിക്ഷേപം നടത്തിയ 300 ഓളം സംരംഭകരിൽ നിന്നായി 11537.40 കോടി രൂപയുടെ നിക്ഷേപമാണ് കഴിഞ്ഞ വർഷം സംസ്ഥാനത്ത് നടന്നത്. ആധുനിക സാങ്കേതിക വിദ്യകൾക്കൊപ്പം വ്യവസായ മേഖലകളെ സംയോജിപ്പിച്ചാൽ മാത്രമേ സംസ്ഥാനത്തിന് വരും കാലങ്ങളിൽ കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുവാൻ സാധിക്കുകയുള്ളൂ. ഈ ആശയത്തിൻെറ വെളിച്ചത്തിലാണ് വ്യവസായവകുപ്പ് റോബോട്ടിക്സ് സാങ്കേതിക വിദ്യ ഫലപ്രദമായി ഉപയോഗിക്കുന്നത് ഗൗരവത്തിൽ എടുക്കുന്നത്.

ഇന്ന് ദൈനംദിന ജീവിതത്തിൽ റോബോട്ടിക്സിന്റെ സ്വാധീനം വളരെ പ്രകടമാണ്. ഉൽപ്പാദനം, ആരോഗ്യം, കൃഷി, ചരക്കു കടത്ത്, പ്രതിരോധം, വിനോദം തുടങ്ങിയ മേഖലകളിൽ പ്രത്യേകമായി രൂപകൽപ്പന ചെയ്ത റോബോട്ടുകൾ വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. സംസ്ഥാനത്തിന് സ്വതന്ത്രമായി ഇത്തരം സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിന് റോബോട്ടിക്സ് രംഗത്തെ ഡിസൈൻ, വികസനം, ഉൽപ്പാദനം, വിന്യാസം തുടങ്ങിയ എല്ലാ മേഖലകളിലും നിർണ്ണായക ശക്തിയാകേണ്ടതുണ്ട്.

2024-ൽ മാത്രം ഇന്ത്യൻ റോബോട്ടിക്സ് മേഖലയിൽ 531.10 ദശലക്ഷം ഡോളർ വരുമാനമാണ് പ്രതീക്ഷിക്കുന്നത്. 2024 മുതൽ 2028 വരെ 12.18 ശതമാനത്തിന്റെ വളർച്ചാനിരക്ക് പ്രതീക്ഷിക്കുന്ന ഈ മേഖലയിൽ നിന്നും വരും കാലങ്ങളിൽ 841.10 ദശലക്ഷം ഡോളറിന്റെ വരുമാനം ഉണ്ടാകുമെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ലോകത്തിൽ റോബോട്ടിക്സ് സാങ്കേതികവിദ്യ ഉപയോഗിക്കുന്ന രാജ്യങ്ങളുടെ പട്ടികയിൽ ആദ്യ പത്തിൽ ഇന്ത്യയും ഉൾപ്പെടുന്നുണ്ട്. രാജ്യത്ത് വാഹന നിർമ്മാണ മേഖലയിലാണ് ഇത്തരം സാങ്കേതികവിദ്യ ഏറ്റവുമധികം ഉപയോഗിക്കുന്നത്. ലോഹം, റബർ, ഇലക്ട്രോ

ണിക്സ് വ്യവസായങ്ങളിലും റോബോട്ടിക്സിന് സവിശേഷ സാന്നിധ്യമുണ്ട്. സംസ്ഥാനവും ആരോഗ്യം, കൃഷി, വ്യവസായ ഓട്ടോമേഷൻ മേഖലകളിൽ റോബോട്ടിക്സിന്റെ വ്യാപകമായ സംയോജനം പരമാവധി നടപ്പിലാക്കാനുള്ള ശ്രമത്തിലാണ്.

റോബോട്ടിക്സ് റൗണ്ട് ടേബിൾ കോൺഫറൻസിന്റെ ഭാഗമായി നടന്ന പ്രദർശനത്തിൽ പത്ത് എഞ്ചിനീയറിംഗ് കോളേജുകളുടേതടക്കം 31 കമ്പനികളാണ് തങ്ങളുടെ വൈവിദ്ധ്യമാർന്ന റോബോട്ടിക്സ് ഉത്പന്നങ്ങൾ പ്രദർശിപ്പിച്ചത്. റോബോട്ടിക്സ് രംഗത്തെ ഭാവിയെക്കുറിക്കുന്ന നേർക്കാഴ്ചകളാണ് പ്രദർശനത്തിലുടനീളം കാണാനായത്. ഈ രംഗത്ത് കേരളത്തിന്റെ അഭിമാനമായ ജെൻ റോബോട്ടിക്സ്, ശാസ്ത്ര റോബോട്ടിക്സ്, അസിമോവ്, ഐറോവ് എന്നീ കമ്പനികളും പ്രദർശനത്തിനെത്തിയിരുന്നു. സമ്മേളനത്തിന്റെ ഭാഗമായി നടന്ന ചർച്ചകളിൽ റോബോട്ടിക്സ് രംഗത്തെ വിദഗ്ധരും സംരംഭകരും ഉൾപ്പടെ 195 സ്റ്റാർട്ടപ്പുകളും 400 ലേറെ പ്രതിനിധികളും പങ്കെടുത്തു.

വ്യവസായ വകുപ്പിന്റെ 22 മുൻഗണനാ മേഖലകളിൽ റോബോട്ടിക്സിനെ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ സർക്കാരിന്റെ പ്രത്യേക ആനുകൂല്യങ്ങൾ ഈ മേഖലയ്ക്ക് ലഭ്യമാക്കുമെന്ന് ബഹു. വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് അറിയിച്ചു. കൂടാതെ ഈ രംഗത്തെ സ്റ്റാർട്ടപ്പുകൾക്ക് സ്കെയിൽ അപ് ലോൺ ഒരു കോടിയിൽ നിന്ന് രണ്ടു കോടിയായി വർധിപ്പിക്കും. സ്റ്റാർട്ടപ്പുകൾക്കുള്ള പ്രവർത്തന മൂലധനം വർദ്ധിപ്പിക്കുക, റോബോട്ടിക്സ് സ്റ്റാർട്ടപ്പുകൾക്ക് പ്രവർത്തിക്കാനുള്ള സ്ഥല സൗകര്യവും മാർക്കറ്റിങ്ങ് പിന്തുണയും നൽകുക എന്നിവയും പരിഗണിക്കും. ഇത്തരം സാങ്കേതിക വിദ്യയുടെ വികസനത്തിനായി സംസ്ഥാനത്തെ ആദ്യ റോബോട്ടിക്സ് പാർക്ക് തൃശൂരിൽ തുടങ്ങും. നാല് വിഭാഗങ്ങളിലായിട്ടായിരിക്കും തൃശ്ശൂരിലെ റോബോട്ടിക്സ് പാർക്ക് പ്രവർത്തിക്കുക. ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ സ്ഥാപിക്കുന്ന പാർക്കിലെ 'റോബോ ലാൻഡ്' എന്ന ആദ്യ വിഭാഗത്തിൽ പൊതുജനങ്ങൾക്ക് റോബോട്ടുകളുടെ ലോകം നേരിട്ട് കാണാനാകും. എ.ഐ., ഓഡിയോ വീഡിയോ റിയാലിറ്റി എന്നിവ വഴിയുള്ള ആസ്വാദ്യ വിജ്ഞാന പരിപാടികൾ അവിടെയുണ്ടാകും. വ്യവസായ വകുപ്പിന്റെ പിന്തുണയും കൂടുതൽ ഇൻസെന്റീവുകളും റോബോട്ടിക്സ് പാർക്കിന് ലഭ്യമാക്കും. റോബോട്ടിക്സ് റൗണ്ട് ടേബിൾ സമ്മേളനത്തിന്റെ സമാപന ച്ചടങ്ങിലാണ് മന്ത്രി ഇക്കാര്യങ്ങൾ അറിയിച്ചത്.

സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളും നൂതനസാങ്കേതിക സംരംഭങ്ങളുമായുള്ള സഹകരണം ശക്തമാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. റോബോട്ടിക് മേഖലയുടെ സാധ്യതകൾ വർദ്ധിപ്പിക്കുന്നതോടെ വളർച്ചാനിരക്ക് ത്വരിതപ്പെടുത്താനും കൂടുതൽ വരുമാനമുണ്ടാക്കാനും സംരംഭകർക്ക് സാധിക്കും. സാങ്കേതിക വിദ്യകളുടെ നിലവിലുള്ള സാധ്യതകൾ വ്യാപിപ്പിക്കുന്ന പ്രവർത്തനമാണ് സർക്കാരിന് മുന്നിലുള്ള കടമ്പ. ഇതിനായി ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പാഠ്യവിഷയങ്ങളിലും ഗവേഷണങ്ങളിലും പുതിയ മാറ്റങ്ങൾ കൊണ്ടുവരേണ്ടതുണ്ട്. കൂടുതൽ അക്കാദമിക് കോഴ്സുകൾ റോബോട്ടിക് മേഖലയിൽ കൊണ്ടു വരണം. ഇതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സർവകലാശാലകളിലും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഒരുക്കണം.

എ.ഐ., റോബോട്ടിക്സ് ഉൾപ്പെടെയുള്ള നൂതന സാങ്കേതിക വിദ്യകൾ ഉൾക്കൊള്ളാനും അതിന്റെ പ്രധാന കേന്ദ്രമായി മാറാനുമുള്ള കേരളത്തിന്റെ പരിശ്രമങ്ങൾക്ക് ആക്കം കൂട്ടുന്നതായിരുന്നു അന്താരാഷ്ട്ര റോബോട്ടിക്സ് റൗണ്ട് ടേബിൾ കോൺഫെറൻസ് 21-ാം നൂറ്റാണ്ടിൽ റോബോട്ടിക്സ് മേഖലയും റോബോട്ടുകളുടെ സാധ്യതകളും പ്രവർത്തനക്ഷമതയും പര്യവേക്ഷണങ്ങളും ഗണ്യമായി വളർന്നു വരികയാണ്. ഇത്തരം നവ സാങ്കേതിക വിദ്യകൾ സ്വാഗതം ചെയ്യുന്നതോടെ സംസ്ഥാനത്ത് ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും വികസന പ്രവർത്തങ്ങൾക്ക് കൂടുതൽ വേഗത കൈവരിക്കാനും സാധിക്കും.

**വ്യവസായ വാണിജ്യ വകുപ്പ്**
**ഡയറക്ടർ ആന്റ് കെ.എസ്.ഐ.ഡി.സി.**
**എം.ഡി. ആണ് ലേഖകൻ**

## വ്യാവസായിക വാർത്തകൾ

### കശുവണ്ടി വ്യവസായ മേഖലയ്ക്ക് ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചു

കേരള സർക്കാർ വ്യവസായ വകുപ്പ് മുഖേന കശുവണ്ടി വ്യവസായ മേഖലയ്ക്ക് 3 പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിരിക്കുന്നു. കശുവണ്ടി ഫാക്ടറി ഉടമകൾക്ക് ഈ പദ്ധതിക്കായി 3 വിഭാഗങ്ങളിലായി അപേക്ഷകൾ കൊല്ലം ജില്ലാ വ്യവസായ കേന്ദ്രത്തിൽ സമർപ്പിക്കാവുന്നതാണെന്ന് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ അറിയിച്ചു. അപേക്ഷിക്കേണ്ട വിഭാഗങ്ങളും അവയുടെ പരമാവധി ആനുകൂല്യങ്ങളും ഇവയാണ്. ഇ.എസ്.ഐ./ഇപി.എഫ്. വിഹിതമായി ഫാക്ടറി ഉടമകൾ അടച്ച തുകയുടെ 50 ശതമാനം തുക പരമാവധി 10 ലക്ഷം രൂപ തിരികെ നൽകുന്നതാണ് ആദ്യ പദ്ധതി. 2021-22, 2022-23, 2023-24 വർഷങ്ങളിൽ അടച്ച തുകയ്ക്കാണ് ആനുകൂല്യം നൽകുന്നത്. രണ്ടാമത്തെ പദ്ധതി സ്ത്രീ സൗഹൃദ ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും നവീകരിക്കുന്നതിനും ആകെ ചെലവിന്റെ 50 ശതമാനം തുക പരമാവധി 40 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. മൂന്നാമത്തെ പദ്ധതി ഷെല്ലിംഗ് യൂണിറ്റു കളുടെ ആധുനികവൽക്കരണത്തിനും നവീകരണത്തിനുമായി ചെലവഴിക്കുന്ന തുകയുടെ 50 ശതമാനം പരമാവധി 40 ലക്ഷം രൂപ ധനസഹായം നൽകുന്നു. രണ്ടും മൂന്നും പദ്ധതികൾ 2021-22, 2022-23. സാമ്പത്തിക വർഷങ്ങളിലേക്കാണ് അനുവദിക്കുന്നത്. 2020 മാർച്ച് മാസം മുതൽ പ്രവർത്തിച്ചു വന്നതും നിലവിൽ പ്രവർത്തിക്കുന്നതുമായ എല്ലാ സ്വകാര്യ ചെറുകിട ഇടത്തരം കശുവണ്ടി ഫാക്ടറികൾക്കും ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് കൊല്ലം ജില്ലാ വ്യവസായ കേന്ദ്രവുമായി ബന്ധപ്പെടാവുന്നതാണ്. ബന്ധപ്പെടേണ്ട നമ്പർ - 94471 51094.

**പി. രാജീവ്**
**നിയമം-വ്യവസായം-കയർ**
**വകുപ്പ് മന്ത്രി**
**കേരള സർക്കാർ**

തിരുവനന്തപുരം
10/09/2024
തീയതി.................................

പ്രിയപ്പെട്ട ശ്രീ. എ. നിസ്സാറുദ്ദീൻ,

ക്ഷേമമെന്നു കരുതുന്നു. രാജ്യത്തെ വ്യവസായ സൗഹൃദസൂചികയിൽ കേരളം ഒന്നാം സ്ഥാനത്തോടെ ടോപ്പ് അച്ചീവറായ വിവരം അറിഞ്ഞിരിക്കുമല്ലോ, സംരംഭക സമൂഹത്തിന്റെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ച് നിയമങ്ങളിലും ചട്ടങ്ങളിലും വരുത്തിയ മാറ്റങ്ങൾ ഈ നേട്ടത്തിന് പ്രധാന കാരണമാണ്. ഒന്നിച്ചു ശ്രമിച്ചാൽ ഒന്നും അസാധ്യമല്ലെന്നാണ് ഈ അംഗീകാരം വ്യക്തമാക്കുന്നത്.

താങ്കളുടെയും സംഘടനയുടേയും സഹകരണവും പിന്തുണയും ഈ നേട്ടത്തിന് പ്രധാന സംഭാവന നൽകിയിട്ടുണ്ടെന്ന കാര്യം നന്ദിപൂർവ്വം സ്മരിക്കുന്നു. ഈ നേട്ടം നിലനിർത്താനും കൂടുതൽ നിക്ഷേപം ആകർഷിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും നമുക്ക് ഒന്നിച്ച് കഴിയേണ്ടതുണ്ട്. അതിന് പൂർണ്ണ പിന്തുണയും സഹകരണവും തുടർന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

പി. രാജീവ്

ശ്രീ. എ. നിസ്സാറുദ്ദീൻ
സ്റ്റേറ്റ് പ്രസിഡന്റ്
KSSIA

ഓഫീസ് : സെക്രട്ടേറിയറ്റ് നോർത്ത് സാൻഡ്‌വിച്ച് ബ്ലോക്ക്, മൂന്നാം നില, റൂം നമ്പർ-301
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695 001
*വസതി : "ഉഷസ്സ്", നന്തൻകോട്, തിരുവനന്തപുരം-695 003*
ഫോൺ (ഓ.) : 0471-2336866, 2336966 മൊബൈൽ : 9400077333
ഇ-മെയിൽ : min.ind@kerala.gov.in, min.law@kerala.gov.in






# No recovery against MSMEs without attempt at revival as provided by law

Adv. Mathews J. Nedumpara
Mob: 98205 35428

Economists believe that in a decade or two India is going to be the world's third largest economy. Our country, once starved for foreign exchange, now probably attracts more foreign exchange than any other country. The reason is the demographic advantage we have. Most of the developed world, Europe, Japan, China, are aging. We are the youngest country in the world in the sense that 60% of the population is within the ages of 20 to 60, the work force.

However, many economists are not as optimistic as others. The reason is that the majority of the population in the range of 20-60 which constitutes 80 crores are either unemployed or partially employed. That is the reason our per capita income is among the lowest in the world. The only way to retrieve the country from property and bring in growth is to provide employment. The focus therefore, ought to be on two sectors, namely, education and small and medium enterprises. Education because unless we have developed skill our youth will not be able to find meaningful employment in an era where aging countries like Japan and China are finding modern technology as a substitution for manpower.

The Government of India realizing that big corporations and technology-oriented enterprises will not be able to absorb the millions of employable youth, enacted the MSMED Act of 2006. The focus of the Act is to provide MSMEs with easy access to credit facilities, protect them from incipient stress, from harsh recovery proceedings. Besides that, the Act intends to secure recovery of the money due to MSMEs from debtors without recourse to the ordinary, time-consuming recovery proceedings. It also entitles MSMEs to recover interest at 3 times the bank rates. However, in so far as the protection against coercive recovery proceedings by banks and financial institutions, till date, the Act and the notifications which the Central Government has enacted, so too the guidelines of the RBI, remain a dead letter. The reason is that the MSMED Act did not contain any mechanism for redressal of the grievance of the MSMEs where the Banks and financial institutions have blatantly failed to give effect to the Act and the notification.

The notification dated 29.5.2015 mandates that no recovery proceedings can be initiated or continued except in the manner contemplated in paragraph 5(4)iii thereof. The said Paragraph empowers the Committees contemplated under the notification to permit recovery as also decide the mode of recovery. The notification mandates that an account of an MSME shall not be classified as NPA without the constitution of a committee for the resolution of stress by the Board of Directors of the Bank and a reference to the committee so constituted is made. It is for the committee to permit classification of the account as NPA.

The committee contemplated under the notification is a judicial tribunal. It has as its Chairman, the regional/zonal head of the bank concerned, officer in charge of the MSMED department of the Bank concerned, a subject expert and a representative of the State Government as members. The committee titled as "Committee for stressed micro, small and medium enterprises" is a judicial tribunal without any of the trappings of a court or tribunal. Its job is to prevent an MSME from falling sick and where it has fallen sick, to revive it, and where revival is not feasible, to allow the unit to be liquidated. Its decisions are final, binding and authoritative, subject to correction by review as expressly provided in Paragraph 15 of the notification.

The notification came into effect on 29.5.2015. it was placed before both houses of Parliament and received its assent. But not a single bank or financial institution ever constituted a committee which is a judicial tribunal akin to BIRF (since repealed)/NCLT. The reason is not far to seek. The RBI's own studies reveal that the financial illiteracy among MSMEs is to the tune of 92%. MSMEs, though lakhs in numbers are not united, weak and uninformed. In our constitutional scheme where instrumentalities of state like Banks and financial institutions blatantly violate a statutory scheme like the MSME notification and the guidelines of the RBI which are mandatory, our courts and tribunals should have come to their rescue. However, that did not happen.

MSMEs, particularly, micro and small units, faced extreme difficulties during covid and thereafter. The banks were duty bound to constitute a committee and make an effort for the resolution of stress. But, to repeat, not a single bank or financial institution in this country constituted such a committee. The banks and financial institutions, invoking SARFAESI and IBC took forceful possession of units and properties, even residential homes, of thousands of MSMEs. Thousands were rendered homeless, the notification which was intended to protect MSMEs from such calamity was never given effect to.

While matters stood thus, the Supreme Court in Pro Knits v. Board of Directors of Canara Bank which was decided on 1.8.2024 wherein the author appeared for the MSME, was pleased to hold that the notification dated 29.5.2015 issued by the Central Government and the circulars issued by the RBI are statutory and binding on banks and financial institutions. The Supreme Court judgment was a huge victory in so far as it brought an end to the denial of justice to the MSMEs. The Court did not invent or discover anything; it only undid a great wrong which the banks and financial institutions committed wilfully. I am certain that the MSMEs who are rendered homeless, whose factories were shut down, will be able to successfully ask for restoration of possession, and compensation. When a court declares something to be illegal, the consequence is that whatever has been done in violation of the law is null and void ab initio. The clock is liable to be put back and I am sure it will be, provided the MSMEs, the backbone of the nation's economy, fight for their rights without losing hope. ■

# ജില്ലാ വാർത്തകൾ




കെ.എസ്.എസ്.ഐ.എ. കാസർഗോഡ് ജില്ലയുടെ വാർഷിക പൊതുയോഗം സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ ഉദ്ഘാടനം ചെയ്തു കൊണ്ട് സംസാരിക്കുന്നു.




തിരുവനന്തപുരം Hyatt Regency-ൽ വെച്ച് നടന്ന K.F.C. Startup Conclave 2024 ൽ സംസ്ഥാന വൈസ് പ്രസിഡന്റ് എ. ഫസലുദ്ദീൻ ആശംസാപ്രസംഗം നടത്തുന്നു.




കെ.എസ്.എസ്.ഐ.എ. തൃശ്ശൂർ ജില്ല വാർഷിക പൊതുയോഗം ബഹു. റവന്യു വകുപ്പ് മന്ത്രി കെ. രാജൻ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു.




കെ.എസ്.എസ്.ഐ.എ. തൃശ്ശൂർ ജില്ല വാർഷിക പൊതുയോഗത്തിൽ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ മുഖ്യപ്രഭാഷണം നടത്തുന്നു.




കെ.എസ്.എസ്.ഐ.എ. കൊല്ലം ജില്ലയുടെ വാർഷിക പൊതുയോഗം കൊല്ലം ജില്ല കളക്ടർ എൻ. ദേവിദാസ് ഐ.എ.എസ്. ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു.




കെ.എസ്.എസ്.ഐ.എ. കൊല്ലം ജില്ല വാർഷിക പൊതുയോഗത്തിൽ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ മുഖ്യപ്രഭാഷണം നടത്തുന്നു.

## നമ്മുടെ വ്യവസായം

- ✓ വ്യവസായ സംബന്ധമായ സംശയങ്ങൾക്ക് വിദഗ്ധർ മറുപടി പറയുന്നു.
- ✓ കെ.എസ്.എസ്.ഐ.എ. ന്യൂസിലൂടെ വായനക്കാരുടെ പ്രതികരണങ്ങൾ ഞങ്ങൾ പ്രസിദ്ധികരിക്കുന്നു. E-Mail: kssianews@gmail.com, kssiastate@gmail.com



# FINANCING END TO END ENERGY EFFICIENCY (4E) INVESTMENTS IN MSMES

## OBJECTIVE

To provide financial assistance to MSMEs engaged in the reduction of greenhouse gases(GHGs) from their operations and support Sustainable Development Goals (SDGs)

## Target Sectors & Eligible Projects

- Manufacturing and service sectors
- Energy efficient machineries/technologies
- Renewable Energy Projects

## Loan Amount

- Upto 100% funding with cash collateral in the form of SIDBI FDR
- Minimum loan - Rs.10 lakhs and
- Maximum Loan - Rs.5 crores

## Eligibility

- Minimum 1 year of operation
- The borrowers should not have defaulted to any Banks/Financial Institutions

## Key Features

- Concessional interest rate as per rating
- Repayment: up to 60 months
- Moratorium : upto 6 months
- Quicker sanction

## Benefits to MSMEs

- Better profitability by reduction in energy & fuel cost upto 25%
- Risk sharing facilities available for EE Projects
- Reimbursement of cost of detailed energy audits upto 70% energy audit fees paid subject to certain conditions



**To Know more, visit our nearest branch. Locate us at: www.sibdi.in**
Follow us on SIDBIofficial sidbiofficial sidbiofficial SIDBI Official
SIDBI (Small Industries Development Bank of India)


**Small Industries Development Bank of India,**
**Green Climate and Energy Efficiency Centre,**
10th Floor, Atma Ram House, 1 Tolstoy Marg, New Delhi-110001
Telephone: 011-2344 8300 I E-mail: eec_credit@sidbi.in

25th September 2024, Kalamassery
Regn. No. KERBIL/2005/23143

KSSiA NEWS

Journal of The Kerala State Small Industries Association
Registered: Postal Regn. No. KL/EKM/767/2023-25
Licensed to Post without Pre-payment KL/CR/EKM/WPP-3/2023-25

Price
₹ 5.00




Printed and Published by **K.P. Ramachandran Nair** on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94963 60300, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 on behalf of Niseema Printers, Kalamassery and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.